29
2024
ആഗസ്റ്റ്
വ്യാഴം
ചിങ്ങം 13

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.249 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-249 | പേജ് 4. വില 2.00 രൂപ

02 അയ്യങ്കാളിയുടെ ജീവിത സന്ദേശം ഉൾക്കൊണ്ട് സമൂഹത്തെ മുന്നോട്ടുനയിക്കണം : മന്ത്രി

03 കോൽക്കത്ത സംഭവം ഭയാനകം; ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കരുതെന്ന് രാഷ്ട്രപതി

04 കൂട്ടരാജിയിൽ വിയോജിപ്പ്; ഭിന്നാഭിപ്രായമുയർത്തി സരയുവും അനന്യയും

# പാലക്കാട് പുതിയ വ്യവസായ സ്മാർട്ട് സിറ്റി

## രാജ്യത്ത് 12 പുതിയ വ്യവസായ സ്മാർട്ട് സിറ്റികൾ

ന്യൂഡൽഹി: പാലക്കാട് ഉൾപ്പെടെ രാജ്യത്ത് പുതിയ 12 ഗ്രീൻഫീൽഡ് ഇൻറസ്ട്രിയൽ സ്മാർട്ട് സിറ്റികൾ പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ. വ്യവസായ ഇടനാഴിയുമായി ബന്ധിപ്പിച്ചാണ് പുതിയ ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റികൾ തുടങ്ങുക.ആകെ മൊത്തം 28,602 കോടി രൂപയുടെ പദ്ധതിക്കാണ് കേന്ദ്ര മന്ത്രി സഭായോഗം അംഗീകാരം നൽകിയതെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പാലക്കാട് പുതുശേരിയിലാണ് സ്മാർട് സിറ്റി വരുക.സേലം കൊച്ചി ദേശീയപാതയോട് ചേർന്നാണിത്. 3806 കോടി രൂപയാണ് പാലക്കാട്ടെ പദ്ധതിക്കായി ചെലവാകുക.

ഉത്തരാഖണ്ഡിലെ ഖുർപിയ, പഞ്ചാബിലെ രാജ്പുരപട്യാല, മഹാരാഷ്ട്രയിലെ ദിഗി, കേരളത്തിലെ പാലക്കാട്, യുപിയിലെ ആഗ്ര, പ്രയാഗ്‌രാജ്, ബിഹാറിലെ ഗയ, തെലങ്കാനയിലെ സഹീറാബാദ്, ആന്ധ്രാപ്രദേശിലെ ഒർവക്കൽ, കൊപ്പർത്തി, ജോധ്പൂർപാലി തുടങ്ങിയിടങ്ങളിലാണ് ഗ്രീൻഫീൽഡ് ഇൻറസ്ട്രിയൽ സ്മാർട്ട് സിറ്റികൾ നിർമിക്കുക.ഇതിലൂടെ 51,000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഇന്ന് ചേർന്ന കേന്ദ്ര മന്ത്രി സഭാ യോഗത്തിൽ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവാണ് പദ്ധതിക്ക് അനുമതി നൽകിയത്.

# 'അമ്മ'യിലെ രാജി നടുക്കുന്നത്

**കെ രാജൻ ബാബു**

'അമ്മ' യുടെ സന്ദേശം........സിനിമ വാർത്തകൾക്ക് കാതോർത്തിരുന്നവരെ ശരിക്കും ഞെട്ടിച്ചത് അമ്മ എന്ന സംഘടനയാണ്. ഒരുപാട് 'ഞെട്ടലുകൾ'ക്ക് ശേഷമാണ് ഈ വാർത്ത വന്നത്. ആ 'ഞെട്ടലുകൾ' വാർത്താ അവതാരകൻറെ സംഭാവനയാണ്. പക്ഷേ ഈ ഞെട്ടൽ അങ്ങനെയല്ല. നമ്മുടെ അറിവിലുള്ള ഒരു സംഘടന (അത് രാഷ്ട്രീയസാമൂഹ്യസാംസ്ക്കാരികം ഏതായാലും.) ഇങ്ങനെ ഒരു തീരുമാനം ഇന്നേവരെ കൈക്കൊണ്ടിട്ടില്ല!. ചുമപ്പ് പരവതാനി വിരിച്ച് നീയമസഭയിലേക്ക് ആനയിക്കപ്പെട്ടവരും പാർട്ടി ചിഹ്നം കൊടുത്ത് പാർലമെൻറിലേക്ക് അയക്കാൻ തയ്യാറാക്കിയവരുമൊക്കെ ആ കൂട്ടത്തിലുണ്ട്. ധാർമ്മിക ബാദ്ധ്യതയൊക്കെ ഈ പാർട്ടികൾക്കും ഉണ്ടല്ലോ. അവരുടെ നിശബ്ദതയിലാണ് അമ്മയുടെ തീരുമാനം ഇടിമുഴക്കമാകുന്നത്. ഒരു മന്ത്രി അവിഹിതത്തിൽ, അല്ലെങ്കിൽ ആരോപണങ്ങളിൽ (അതിൻറെ ധാർമ്മികത എന്തുമാവട്ടെ) പെട്ടാൽ ആ മന്ത്രിയുടെ രാജിയോടെ പടം മടക്കുന്ന പതിവാണ് നമുക്കുള്ളത്. പിന്നാലെ അവർ തന്നെ തിരിച്ചെത്തുന്നതും പതിവ് കാഴ്ച. അവിടെയാണ് അമ്മയുടെ സന്ദേശം ശരിക്കും ഞെട്ടിച്ചത് .......... ആരോപണ വിധേയരായവർപോലും ഇത്തരം സ്വകാര്യസംഘടനകളിൽ പൊടുന്നനെ രാജി വയ്ക്കേണ്ടതില്ല. സംഘടന വിഷയം ചർച്ച ചെയ്ത ശേഷം അതിൻറെ തീരുമാനത്തിൽ മതി രാജി എന്നല്ലേ നമ്മുടെ പാർട്ടി കീഴ്വഴക്കം!. അതിനൊന്നും കാത്തുനില്ക്കാതെയാണ് ഒന്നിന് പകരം ഒന്നോടെ രാജി. ഒരുപക്ഷേ, സിനിമ മേഖലയുടെ ജീർണ്ണാവസ്ഥ ഒരു 'ഹേമകമ്മിറ്റി'ക്ക് മുൻപേ തിരിച്ചറിഞ്ഞവർ ആയിരിക്കണം അതിൻറെ നേതാക്കൾ. അവരുടെ പിടിയിൽ കാര്യങ്ങൾ നിൽക്കാതെ പോയത് ഇതിലെ പ്രധാന (ഇനിയും പ്രതിചേർക്കപ്പെടാത്ത) വില്ലന്മാരുടെ രാഷ്ട്രീയ 'പിടി' കൊണ്ടാവും. കഴിഞ്ഞ കാലങ്ങളിൽ, ഇവരുടെ അർമാദത്തിൻറെ എത്രയോ വാർത്തകൾ പുറത്തുവന്നിരുന്നു. അഗ്നിസാക്ഷിയായ ഭാര്യയുടെ മൊഴി പോലും മുഖവിലക്കെടുത്തിട്ടില്ല. അവരൊക്കെ അധികാരസ്ഥാനങ്ങളീൽ വീണ്ടും പ്രതിഷ്ഠിക്കപ്പെട്ടു. അതിൻറെ അഹങ്കാരത്തിൽ അവർ മേഞ്ഞുനടന്ന മേഖലയിലാണ് ഇപ്പോൾ 'ഉരുൾ' പൊട്ടിയത്. എങ്കിലും അവരെ മുഖവിലക്കെടുക്കാതെ അമ്മ തീരുമാനം പ്രഖ്യാപിച്ചു; ഭാരവാഹികൾ ഒന്നോടെ ഒഴിഞ്ഞു.? ഞെട്ടാതിരിക്കുന്നത് എങ്ങനെ!. അതിലും ഞെട്ടിപ്പിക്കുന്ന ചോദ്യം അമ്മയുടെ ഭാവിയെ കുറിച്ചുള്ളതാണ്. അതൊരു പുരോഗമന കലാസാഹിത്യ സംഘമോ ശാസ്ത്ര സാഹിത്യ പരിഷത്തോ ആയിപ്പോകുമോ?. പേടിപ്പെടുത്തുന്ന ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശരിക്കും കലാപ്രവർത്തകർക്കേ കഴിയൂ. 'അമ്മ'യുടെ സ്ഥാനം ഒഴിഞ്ഞവരും സ്ഥാനമേൽക്കാൻ തയ്യാറെടുക്കുന്നവരും ഈ വസ്തുത തിരിച്ചറിയുന്നത് നന്നായിരിക്കും; മലയാള സിനിമയ്ക്കും അവരുടെ ഭാവിക്കും!.

# യൂറോപ്യൻ സേവനമാതൃകയുമായി ജോളി തടത്തിൽ

**യേശുദാസ് വില്യം**

ജീവിതം മുമ്പോട്ടു പോകുവാൻ കരുത്തു നൽകുക..അതിനായി പോസിറ്റീവ് ചിന്തകൾ പ്രസരിപ്പിക്കുക ഈ ചിന്ത ആർക്കെങ്കിലും പ്രയോജനപ്രദമാവുന്നെങ്കിൽ അതിനായി എന്തെങ്കിലും ചെയ്യുക...മൂവാറ്റുപുഴ തോട്ടകര തടത്തിൽ കൃഷിക്കാരനായ കുര്യൻ കുര്യാക്കോസിന്റെ മകൻ ജോളി തടത്തിൽ സാമൂഹ്യ ജീവിതത്തിലും,വ്യക്തി ജീവിതത്തിലും പ്രവാസ ലോകത്ത് എന്തെങ്കിലും ആർജ്ജിച്ചിട്ടുണ്ടങ്കിൽ ആതെല്ലാം ഈ ആശയത്തിൽ നിന്നും പിറവിയെടുത്തതാണ്.വേൾഡ് മലയാളി കൗൺസിലിന്റെ യൂറോപ്യൻ രാജ്യങ്ങളുടെ ചെയർമാനായി പ്രവർത്തി




ക്കുമ്പഴും സ്വന്തം തട്ടകമായ ജർമ്മനിയിൽ സേവനരംഗത്ത് ജോളി തടത്തിൽ കൈവരിച്ച മേൽവിലാസം പ്രവാസലോക ചരിത്രത്തിൽ ഇടം പിടിക്കുന്നതാണ്. നാലുപതിറ്റാണ്ടുകൾക്കു മുൻപ് ജർമ്മനിയിൽ വന്നിറങ്ങുമ്പോൾ ജോളിയുടെ മനസ്സിൽ തൊഴിൽ നേടി മുന്നേറുക എന്ന ശരാശരി പ്രവാസികളുടെ ലക്ഷ്യം തന്നെ ആയിരുന്നിരിക്കണം.അതിനു പിൻബലമായി ഉണ്ടായിരുന്നത് നാട്ടിൽ ചെയ്തിരുന്ന ഫെഡറൽ ബാങ്കിലെ ജോലി ആയിരുന്നു.

പത്തുവർഷത്തെ തൊഴിൽജീവിതം ജോളിയെ ജർമ്മനിയിലെ സാമൂഹിക ജീവിതം മനസ്സിലാക്കുവാനുള്ള അവസരങ്ങൾ ഒരുക്കി.ആരോഗ്യസേവന രംഗത്ത് ചുവടുവെയ്പു നടത്തുവാൻ ജോയി തടത്തിലിനെ പ്രേരിപ്പിച്ചത് ജർമ്മനിയിലെ വാർദ്ധക്യത്തിന്റെ നിരാശ്രയത്വ മുഖങ്ങളാണ്.മധ്യ തിരിവിതാംകൂറിന്റെ സഹജീവിസ്നേഹവും,സേവനതൃഷ്ണയും ജോളിയെ 'ഹോം കെയർ' രംഗത്തേക്കു എത്തിച്ചു.ഈ രംഗത്ത് ആദ്യത്തെ സംരംഭങ്ങളിലൊന്നായിരുന്നു 'എച്ച്.കെ.റ്റി ' എന്ന അറുപതുവയസ്സിനു മുകളിൽ പ്രായമുള്ളവരുടെ കെയർ ഹോംമുകൾ.തിരക്കുപിടിച്ച ജീവിതത്തിൽ



പ്രായമായവരെ ശ്രദ്ധിക്കുവാനും,പരിചരിക്കുവാനും സമയമില്ലാത്ത ജർമ്മനിയിലെ സമൂഹ്യ സാഹചര്യത്തിൽ ജോളിയുടെ ആശയം വലിയ വിജയമായിരുന്നു.അംഗപരിമിതരും,വാർദ്ധക്യത്തിലേക്കു എത്തുന്നവർക്കും സൗഹൃദമായ കെട്ടിടങ്ങൾ നിർമ്മിച്ചു.ലിഫ്ടുകൾ,സ്വന്തമായി ഉപയോഗിക്കാവുന്ന തരത്തിൽ ആധുനീകമായ വീൽ ചെയറുകൾ.ഷോപ്പിംഗ് സംവിധാനങ്ങൾ എല്ലാം പുതിയ കാലത്തിനനുസരിച്ചു രൂപകല്പന ചെയ്തു.സർക്കാരിന്റെ പ്രശംസ നേടിയ പദ്ധതി പത്തോളം കേന്ദ്രങ്ങളിൽ പ്രവർത്തന സജ്ജമാക്കുന്നതിൽ ജോളി വിജയിച്ചു.വിദേശത്തുനിന്നും ആരോഗ്യമേഖലയിൽ നിന്നുമുള്ളവരുടെ തള്ളിക്കയറ്റം ഇന്നു ഏറ്റവും കൂടുതലാണ്.കേരളത്തിൽ നിന്നും ആരോഗ്യമേഖലയിലേക്ക് പരിശീലനം സിദ്ധിച്ച ആരോഗ്യപ്രവർത്തകരെയും നേഴ്സുമാരെയും ജർമ്മനിയിലേക്കു കൊണ്ടു പോകുന്നതിനായുള്ള സംരംഭവും ജോളി തടത്തിൽ ആരംഭിച്ചിട്ടുണ്ട്.ഇവർക്കായുള്ള ജർമ്മൻ ഭാഷാ പഠന കേന്ദ്രത്തിനും കേരളത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്.കേരളത്തിലും പ്രായമയവരുടെ എണ്ണം വർദ്ദിക്കുന്നതിനെ മുൻ നിർത്തി തലസ്ഥാനത്ത് കെയർ ഹോം പദ്ധതി നടപ്പിലാക്കുവാൻ ആഗ്രഹമുള്ള കാര്യം ജോളി തടത്തിൽ പങ്കുവെച്ചു.

നാലു പതിറ്റാണ്ടു ദൈർഘ്യമുള്ള ജോളിയുടെ പ്രവാസജീവിതം ഉന്നതമായ നിരവധി സാമൂഹ്യ സേവന നേതൃത്വപദവികൾ അലങ്കരിക്കുവാൻ അവസരമൊരുക്കിയിട്ടുണ്ട്.വേൾഡ് മലയാളി കൗൺസിലിന്റെ ചെയർമാൻ സ്ഥാനം രണ്ടുതവണ വഹിച്ചിട്ടുണ്ട്.സാമൂഹ്യ സേവന പ്രവർത്തനത്തിലും,തന്റെ തൊഴിൽ മേഖലയിലും കരുത്തായി ഭാര്യ മേഴ്സി ഒപ്പമുണ്ട്.വേൾഡ് മലയാളി കൗൺസിലിന്റെ വിമൺ ഫോറം സാരഥിയാണ് മേഴ്സി.വയനാട് ദുരന്തത്തിലെ ദുരിതമനുഭവിക്കുന്നവർക്ക് സഹായവുമായി ആദ്യമെത്തിയ സംഘടനകളിൽ വേൾഡ് മലയാളി കൗൺസിലുണ്ട്.പതിന്നാലു വീടുകൾ ആദ്യഘട്ടത്തിൽ വേൾഡ് മലയാളി കൗൺസിൽ നിർമ്മിച്ചു നൽകുവാൻ തീരുമാനമായിട്ടുണ്ടെന്നു വേൾഡ് മലയാളി കൗൺസിൽ യൂറോപ്പ് ചെയർമാൻ കൂടിയായ ജോളി തടത്തിൽ നോട്ടിക്കൽ ടൈംസ് കേരളയോടു പറഞ്ഞു.

കേരളത്തിന്റെ തീരമേഖലയിൽ സുനാമി,ഓഖി,കോവിഡ് കാലങ്ങളിൽ ആശ്വാസം പകരുന്ന നിരവധി പദ്ധതികൾ വേൾഡ് മലയാളി കൗൺസിൽ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുള്ള കാര്യം ജോളി തടത്തിൽ എടുത്തു പറഞ്ഞു. തിരുവനന്തപുരത്തെ പൂന്തുറ തീരത്തെ ചെറുരശ്മി സ്വയം തൊഴിൽ പരിശീലന പദ്ധതി ഈ മേഖലയിലെ എടുത്തു പറയാവുന്ന വേൾഡ് മലയാളി കൗൺസിലിന്റെ സേവന മാതൃകയാണ്.






# അയ്യങ്കാളിയുടെ ജീവിത സന്ദേശം ഉൾക്കൊണ്ട് സമൂഹത്തെ മുന്നോട്ടുനയിക്കണം : മന്ത്രി ഒ ആർ കേളു

കേരളത്തിലെ തദ്ദേശീയ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി പോരാടിയ ധീരയോദ്ധാവായ മഹാത്മ അയ്യങ്കാളിയുടെ ജീവിത സന്ദേശം ഉൾക്കൊണ്ട് സമൂഹത്തെ മുന്നോട്ടുനയിക്കാൻ പുതുതലമുറ സജ്ജമാകണമെന്ന് പട്ടികജാതിപട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു. വഴിനടക്കാനോ, വിദ്യാഭ്യാസം നേടാനോ, ക്ഷേത്രങ്ങളിൽ പ്രവേശിക്കാനോ കഴിയാത്ത ഇരുണ്ട കാലഘട്ടത്തിൽ താൻ ഉൾക്കൊള്ളുന്ന സമൂഹത്തിന് മറ്റുള്ളവർക്കു ലഭിക്കുന്നതു പോലുള്ള എല്ലാ സ്വാതന്ത്ര്യവും ലഭിക്കണമെന്നതായിരുന്നു അയ്യങ്കാളിയുടെ ദർശനം. സമത്വത്തിനു വേണ്ടിയുള്ള പോർവിളികളിലൂടെ സ്വാതന്ത്ര്യം നേടി വർത്തമാനകാലത്തിൽ എത്തിയിട്ടും അസമത്വത്തിലേക്ക് കേരളം നീങ്ങുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും മഹാത്മ അയ്യങ്കാളിയുടെ 161ാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായ അനുസ്മരണ സമ്മേളനത്തിന്റെ ഉദ്ഘാടനത്തിൽ മന്ത്രി പറഞ്ഞു. പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ വെള്ളയമ്പലം അയ്യങ്കാളി സ്ക്വയറിലെ പ്രതിമയിൽ മന്ത്രി പുഷ്പാർച്ചന നടത്തി.

അയ്യങ്കാളി ഒരു നേതാവ് എന്നതിലുപരി അടിച്ചമർത്തപ്പെട്ടവരുടെ പ്രത്യാശയുടെ വെളിച്ചമായിരുന്നുവെന്ന് പൊതു വിദ്യാഭ്യാസതൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ഐതിഹാസികമായ വില്ലുവണ്ടി സമരത്തിലൂടെയും കല്ലുമാല സമരത്തിലൂടെയും ദളിത് സമൂഹത്തിന് ചരിത്രത്തിന്റെ ഗതി മാറ്റിമറിക്കുന്ന ഒരു പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ അദ്ദേഹത്തിന്റെ സമരങ്ങൾ കേവലം പ്രതിഷേധമായിരുന്നില്ല. ജാതിയടിസ്ഥാനത്തിലുള്ള അടിച്ചമർത്തലിന്റെ ചങ്ങലകൾ പൊളിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന ശക്തമായ പ്രഖ്യാപനങ്ങളായിരുന്നു. അയ്യങ്കാളി നടത്തിയ സമരം അവസാനിച്ചിട്ടില്ലെന്ന് നാം തിരിച്ചറിയണം. നാം എത്ര പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും ഭൂതകാലത്തിന്റെ വേദനാജനകമായ ഓർമ്മപ്പെടുത്തലുകളായി സാമൂഹിക ഘടനയിൽ ജാതി വേർതിരിവുകൾ ഇപ്പോഴും നിലനിൽക്കുന്നു. സാമ്പത്തിക അസമത്വത്തിന്റെ ഉയർച്ചയും വർഗീയതയുടെ വർദ്ധിച്ചുവരുന്ന വേലിയേറ്റവും എല്ലാവർക്കും തുല്യ നീതി സാക്ഷാത്കരിക്കുന്നതിന് വെല്ലുവിളികൾ ഉയർത്തുന്നതായും അധ്യക്ഷനായിരുന്ന മന്ത്രി വ്യക്തമാക്കി.

വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിയൂ എന്നതായിരുന്നു അയ്യങ്കാളിയുടെ ദീർഘവീക്ഷണമെന്നും ആ ദിശയിലേക്ക് കേരളത്തിലെ സമൂഹത്തെ നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞതായും ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. ഊരൂട്ടമ്പലത്തെ പഞ്ചമി യുപി സ്കൂൾ അതിന് ഉദാഹരണമാണ്. അയ്യങ്കാളി ഉൾപ്പെടെയുള്ള സാമൂഹ്യ പരിഷ്കർത്താക്കൾ തെളിച്ച പാതയിലൂടെ മുന്നോട്ടു വരാൻ കഴിഞ്ഞതിനാലാണ് സമസ്ത മേഖലകളിൽ നേട്ടം കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞതെന്നും മന്ത്രി പറഞ്ഞു.

ജയന്തി ആഘോഷങ്ങളുടെ ഭാഗമായി മോഡൽ റസിഡൻഷ്യൽ സ്കൂൾ തലത്തിൽ നിന്നുള്ള കുട്ടികൾക്കായി നടത്തിയ ക്വിസ് മത്സരത്തിലെ ജേതാക്കൾക്ക് മേയർ ആര്യാ രാജേന്ദ്രൻ സമ്മാനങ്ങൾ വിതരണം ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, എം.എൽ.എമാരായ വി.കെ പ്രശാന്ത്, ആന്റണി രാജു, മുൻ സ്പീക്കർ എം വിജയകുമാർ, മുൻ എംഎൽഎ സത്യൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ഡി. സുരേഷ് കുമാർ, വകുപ്പ് ഡയറക്ടർ കെ ഗോപാലകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ വി സജീവ് എന്നിവരും അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു.



മഹാത്മ അയ്യങ്കാളിയുടെ 161-ാാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ വെള്ളയമ്പലം അയ്യങ്കാളി സ്ക്വയറിലെ പ്രതിമയിൽ പട്ടികജാതി-പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു പുഷ്പാർച്ചന നടത്തുന്നു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി, ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ തുടങ്ങിയവർ സമീപം.

## ക്വട്ടേഷൻ ക്ഷണിച്ചു

സംസ്ഥാന യുവജന ക്ഷേമബോർഡ്, കിർലോസ്കർ ഡീസൽ ജനറേറ്റർ (Model No. 4R810TA, 62.5 KVA) വാർഷിക പരിപാലനത്തിന് (AMC) അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. അവസാന തീയതി 2024 സെപ്റ്റംബർ 2 വൈകുന്നേരം 4 മണി. വിലാസം: മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, സ്വാമി വിവേകാനന്ദ യൂത്ത് സെന്റർ, ദൂരദർശൻ കേന്ദ്രത്തിന് സമീപം, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം 695043.

## ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

202425 അദ്ധ്യയന വർഷത്തെ എഫ് ഡി ജി ടി പ്രവേശനത്തിനുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റും ട്രയൽ അലോട്ട്മെന്റ് ലിസ്റ്റും പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് www.polyadmission.org/fdgt എന്ന അഡ്മിഷൻ പോർട്ടലിൽ അപ്ലിക്കേഷൻ നമ്പർ, രജിസ്ട്രേഷൻ നമ്പർ, മൊബൈൽ നമ്പർ ഇവയിൽ ഏതെങ്കിലും ഒന്നും ജനന തീയതിയും നൽകി "Trial Rank Details, Trial allotment details" എന്നീ ലിങ്കുകൾ വഴി അവരവരുടെ ട്രയൽ റാങ്കും, ലഭിക്കാൻ സാദ്ധ്യതയുള്ള അലോട്ട്മെന്റും പരിശോധിക്കാം.

അപേക്ഷകർക്ക് ഓൺലൈനായി ഓപ്ഷനുകളിൽ മാറ്റം വരുത്തുന്നതിനും, അപേക്ഷകളിൽ എന്തെങ്കിലും തിരുത്തലുകൾ നടത്തുന്നതിനും ആഗസ്റ്റ് 30നു വൈകിട്ട് അഞ്ചുവരെ സമയമുണ്ടായിരിക്കും. ഓൺലൈൻ തിരുത്തലുകൾക്ക് ബുദ്ധിമുട്ട് നേരിടുന്നവരും മറ്റ് സംശയ നിവാരണങ്ങൾക്കും ഏറ്റവും അടുത്തുള്ള ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനത്തിലെ ഹെല്പ് ഡെസ്ക്കുമായി ബന്ധപ്പെടേണ്ടതാണ്. ട്രയൽ റാങ്ക് ലിസ്റ്റ് അന്തിമമല്ലാത്തതിനാൽ അപേക്ഷകന് അന്തിമ റാങ്ക് ലിസ്റ്റിലോ അലോട്ട്മെന്റ് ലിസ്റ്റിലോ റാങ്കോ, പ്രവേശനമോ ഉറപ്പ് നൽകുന്നില്ല.

## കിറ്റ്സ് പുതിയ അക്കാദമിക് ബ്ലോക്ക് ഉദ്ഘാടനം ആഗസ്റ്റ് 29ന്

സംസ്ഥാന ടൂറിസം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ടൂറിസം മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിന്റെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ ഉദ്ഘാടനം ആഗസ്റ്റ് 29ന് വൈകിട്ട് 5.30ന് പൊതുമരാമത്ത്ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവഹിക്കും. ആന്റണി രാജു എം.എൽ.എ അധ്യക്ഷത വഹിക്കും.

തൈക്കാട് കിറ്റ്സ് കോമ്പൗണ്ടിൽ നടക്കുന്ന ചടങ്ങിൽ മേയർ ആര്യാ രാജേന്ദ്രൻ, ശശി തരൂർ എം.പി, കിറ്റ്സ് പ്രിൻസിപ്പൽ ഡോ.ബി. രാജേന്ദ്രൻ, കിറ്റ്സ് ഡയറക്ടർ ഡോ. ദിലീപ് എം.ആർ, വാർഡ് കൗൺസിലർ മാധവദാസ്, കെ.ടി.ഡി.സി ചെയർമാൻ പി.കെ. ശശി, കെ.ടി.ഐ.എൽ ചെയർമാൻ എസ്.കെ സജീഷ്, യൂണിയൻ ചെയർമാൻ അനൻ ജെ എന്നിവർ സന്നിഹിതരാകും. ഡോ. സരൂപ് റോയ് ബി.ആർ കൃതജ്ഞത അറിയിക്കും.

## ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2024.25 അദ്ധ്യയന വർഷത്തെ എഫ് ഡി ജി ടി പ്രവേശനത്തിനുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റും ട്രയൽ അലോട്ട്മെന്റ് ലിസ്റ്റും പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് www.polyadmission.org/fdgt എന്ന അഡ്മിഷൻ പോർട്ടലിൽ അപ്ലിക്കേഷൻ നമ്പർ, രജിസ്ട്രേഷൻ നമ്പർ, മൊബൈൽ നമ്പർ ഇവയിൽ ഏതെങ്കിലും ഒന്നും ജനന തീയതിയും നൽകി "Trial Rank Details, Trial allotment details' എന്നീ ലിങ്കുകൾ വഴി അവരവരുടെ ട്രയൽ റാങ്കും, ലഭിക്കാൻ സാദ്ധ്യതയുള്ള അലോട്ട്മെന്റും പരിശോധിക്കാവുന്നതാണ്. അപേക്ഷകർക്ക് ഓൺലൈനായി ഓപ്ഷനുകളിൽ മാറ്റം വരുത്തുന്നതിനും, അപേക്ഷകളിൽ എന്തെങ്കിലും തിരുത്തലുകൾ നടത്തുന്നതിനും 30.08.2024 നു വൈകിട്ട് 5 മണി വരെ സമയമുണ്ടായിരിക്കുന്നതാണ്. ഓൺലൈൻ തിരുത്തലുകൾക്ക് ബുദ്ധിമുട്ട് നേരിടുന്നവരും മറ്റ് സംശയ നിവാരണങ്ങൾക്കും ഏറ്റവും അടുത്തുള്ള ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനത്തിലെ ഹെല്പ് ഡെസ്ക്കുമായി ബന്ധപ്പെടേണ്ടതാണ്. ട്രയൽ റാങ്ക് ലിസ്റ്റ് അന്തിമമല്ലാത്തതിനാൽ അപേക്ഷകന് അന്തിമ റാങ്ക് ലിസ്റ്റിലോ അലോട്ട്മെന്റ് ലിസ്റ്റിലോ റാങ്കോ, പ്രവേശനമോ ഉറപ്പ് നൽകുന്നില്ല.

## സർട്ടിഫിക്കറ്റ് പരിശോധന

202425 അധ്യയന വർഷത്തിൽ ആരംഭിക്കുന്ന Polytechnic, D.EL.Ed കോഴ്സുകളിലേക്ക് കായികതാരങ്ങൾക്കായി സംവരണം ചെയ്ത സീറ്റുകളിലേക്ക് കൗൺസിലിൽ അപേക്ഷ സമർപ്പിച്ച കായികതാരങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പരിശോധന 2024 ആഗസ്റ്റ് 30 ന് രാവിലെ 10 മണി മുതൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ വച്ചു നടത്തുന്നതിനായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ദിവസം കൗൺസിലിൽ അപേക്ഷ സമർപ്പിച്ച കായികതാരങ്ങൾ കായികമികവ് തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുമായി എത്തിച്ചേരേണ്ടതാണ്.

## യു പി അധ്യാപക ഒഴിവ്

തിരുവനന്തപുരം എയ്ഡഡ് സ്കൂളിൽ യു പി സ്കൂൾ ടീച്ചർ വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥിക്കായി (കാഴ്ച പരിമിതി 1) സംവരണം ചെയ്ത തസ്തികയിൽ ഒഴിവ് ഉണ്ട്. പത്താം ക്ലാസ് പാസായിരിക്കണം, ടിടിസി, ഡി.എഡ് അല്ലെങ്കിൽ ഏതെങ്കിലും ഒരു വിഷയത്തിൽ ബിരുദവും, ബി.എഡ് പാസായിരിക്കണം. യോഗ്യത പരീക്ഷ അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം. പ്രായപരിധി 18 40. ഭിന്നശേഷിക്കാർക്ക് നിയമാനുസൃതമായ വയസിളവ്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2024 സെപ്റ്റംബർ 3 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## അധ്യാപക ഒഴിവ്

തിരുവനന്തപുരം എയ്ഡഡ് സ്കൂളിൽ എച്ച്.എസ്.ടി മാത്തമാറ്റിക്സ് വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥികൾക്കായി (കാഴ്ചപരിമിതി 1) സംവരണം ചെയ്ത തസ്തികയിൽ ഒഴിവ് ഉണ്ട്. പത്താം ക്ലാസ് പാസായിരിക്കണം, മാത്തമാറ്റിക്സ് അല്ലെങ്കിൽ സ്റ്റാറ്റിസ്റ്റിക്സ് ഏതെങ്കിലും ഒരു വിഷയത്തിൽ ബിരുദവും ബി.എഡ് / ബി ടി പാസായിരിക്കണം. യോഗ്യത പരീക്ഷ അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം. പ്രായപരിധി 18 40. ഭിന്നശേഷിക്കാർക്ക് നിയമാനുസൃതമായ വയസിളവ്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2024 സെപ്റ്റംബർ 3 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## ഗവേഷണ പ്രബന്ധങ്ങൾ ക്ഷണിച്ചു

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായുള്ള ഗവേഷണ പ്രബന്ധങ്ങൾ ക്ഷണിച്ചു. മെഡിക്കൽ എൻജിനീയറിങ് ബയോടെക്നോളജി, നാനോടെക്നോളജി, കൃത്രിമ ബുദ്ധി (എ.ഐ), പാരിസ്ഥിതികം, മനഃശാസ്ത്രം, സാമൂഹ്യസേവനം, മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിച്ചു വരുന്ന ഗവേഷകർക്കും സ്ഥാപനങ്ങൾക്കും അപേക്ഷിക്കാം. ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ സാമൂഹ്യ തലത്തിലെ പുനരധിവാസം, അവർക്കുള്ള ചികിത്സാ മാർഗങ്ങൾ, വൈകല്യം മുൻകൂട്ടി കണ്ടുപിടിച്ച് ചികിത്സിക്കാനുള്ള നൂതന മാർഗ്ഗങ്ങൾ എന്നിവയാണ് ഗവേഷണ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. പദ്ധതിയിൽ താൽപര്യമുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വിഷയത്തിൽ രൂപം നൽകാനുദ്ദേശിക്കുന്ന ഗവേഷണ പദ്ധതികളുടെ പൂർണ്ണരൂപം കമ്മീഷണർ, ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, ആഞ്ജനേയ, റ്റി.സി 9/1023 (1), ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം, തിരുവനന്തപുരം 695 010 (ഫോൺ: 0471 2720977) എന്ന വിലാസത്തിൽ 2024 ആഗസ്റ്റ് 31 നകം സമർപ്പിക്കണം.

## ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂൾ (GMRS)കുട്ടികൾക്കായി സംസ്ഥാനതല ക്വിസ് മത്സരം സംഘടിപ്പിച്ചു

മഹാത്മ അയ്യൻകാളി ജയന്തിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കായി സംഘടിപ്പിച്ച സംസ്ഥാനതല ക്വിസ് മത്സരത്തിൽ എറണാകുളം ആലുവ സ്കൂളിന് ഒന്നാം സ്ഥാനവും, തിരുവനന്തപുരം ഞാറനീലി സ്കൂളിന് രണ്ടാം സ്ഥാനവും, ഡോ. എ വി എൻ സി ബി എസ് ഇ സ്കൂൾ, തൃശ്ശൂർ ചേലക്കര, വടക്കാഞ്ചേരി, പാലക്കാട് തൃത്താല എന്നീ സ്കൂളുകൾ മൂന്നാം സ്ഥാനവും നേടി.

വെള്ളയമ്പലം അയ്യൻകാളി സ്ക്വയറിൽ നടക്കുന്ന അനുസ്മരണ ചടങ്ങ് പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി ഒ. ആർ കേളു ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ വി ശിവൻകുട്ടി അഡ്വ. അനിൽ, ഡെപ്യൂട്ടി സ്പീക്കർ ഗോപകുമാർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും. ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാനം മേയർ ആര്യാ രാജേന്ദ്രൻ വിതരണം ചെയ്യും.

## സ്പോട്ട് അഡ്മിഷൻ

എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ, പൂജപ്പുര കോളേജിൽ പോളിടെക്നിക് ഡിപ്ലോമ പ്രവേശനത്തിന് കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്, സിവിൽ എൻജിനീയറിങ് എന്നീ വിഭാഗങ്ങളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ആഗസ്റ്റ് 29 മുതൽ 31 വരെ സ്പോട് അഡ്മിഷൻ നടത്തുന്നു. നിലവിൽ അപേക്ഷ സമർപ്പിച്ചവർക്കും, ഇതുവരെ അപേക്ഷകൾ ഒന്നും സമർപ്പിക്കാത്തവർക്കും കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ എടുക്കാം. പ്രവേശനം ആഗ്രഹിക്കുന്നവർ എല്ലാവിധ അസൽ സർട്ടിഫിക്കറ്റുകളും (SSLC/THSLC/CBSE/ICSE സർട്ടിഫിക്കറ്റ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, കോണ്ടക്ട്സർട്ടിഫിക്കറ്റ്, ജാതിസർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ്, ക്രീമിലയർ സർട്ടിഫിക്കറ്റ്, ആധാറിന്റെപകർപ്പ്) ആവശ്യമായ ഫീസ് (ഓൺലൈൻ) എന്നിവ സഹിതം കോളേജിൽ നേരിട്ടു ഹാജരായി അഡ്മിഷൻ എടുക്കാം. ടഇ/ടഠ/ഛഋഇ എന്നിവർക്ക് അർഹമായ ഫീസിളവ് ലഭിക്കും. വിശദവിവരങ്ങൾക്ക്: 9142022415, 9895983656, 9995595456, 9497000337, 9496416041.

## പ്രോജക്ട് സയന്റിസ്റ്റ്, പ്രോജക്ട് അസോസിയേറ്റ് നിയമനം

തിരുവനന്തപുരം തോന്നക്കലിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ പ്രോജക്ട് സയന്റിസ്റ്റ്, പ്രോജക്ട് അസോസിയേറ്റ് (ഇൻസ്ട്രുമെന്റേഷൻ) തസ്തികയിലേക്ക് ഒരു വർഷത്തെ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

പ്രോജക്ട് സയന്റിസ്റ്റിന് പ്രതിമാസ വേതനം 55,000 രൂപ. അപേക്ഷ https://forms.gle/YgUCv9a1os6JVGvh8 എന്ന ലിങ്കിൽ ഓൺലൈനായി സമർപ്പിക്കണം. പ്രോജക്ട് അസോസിയേറ്റ് തസ്തികയ്ക്ക് 25,000 രൂപയാണ് പ്രതിമാസ വേതനം. https://forms.gle/5hyr3yGvTamGSnmX8 എന്ന ലിങ്കിലൂടെ അപേക്ഷ നൽകണം. 2023 സെപ്റ്റംബർ 29 ലെ വിജ്ഞാപന പ്രകാരം പ്രോജക്ട് സയന്റിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: www.iav.kerala.gov.in, 0471-2710050.

## ഉത്തര സൂചിക പ്രസിദ്ധീകരിച്ചു

2024 ആഗസ്റ്റ് 25ന് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നടത്തിയ 202425 അധ്യയന വർഷത്തെ പി.ജി (എം.എസ്സി) നഴ്സിംഗ് കോഴ്സിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയുടെ ഉത്തര സൂചിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. ഉത്തരസൂചികകൾ സംബന്ധിച്ച് പരാതിയുള്ളവർക്ക് ആക്ഷേപമുന്നയിക്കുന്നതിന് ആഗസ്റ്റ് 29ന് രാത്രി 11.59 വരെ സമയമുണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം കാണുക. ഫോൺ: 0471 2525300.

## ദേശീയപാതാ വികസനം വേഗത്തിലാക്കും: മന്ത്രി പി. എ. മുഹമ്മദ് റിയാസ്

തിരുവനന്തപുരം: ദേശീയപാതാ വികസനത്തിനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ സർക്കാർ ഇടപെടും. മന്ത്രി പി. എ. മുഹമ്മദ് റിയാസിന്റെ നേതൃത്വത്തിൽ നടത്തിയ ഉന്നതതല യോഗത്തിലാണ് തീരുമാനം. കൊല്ലം ആഞ്ഞിലിമൂട്, കോട്ടയം പൊൻകുന്നം, മുണ്ടക്കയം കുമിളി, ഭരണിക്കാവു അടൂർ പ്ലാപ്പള്ളി മുണ്ടക്കയം, അടിമാലി ജംഗ്ഷൻ കുമിളി എന്നിവയുടെ നിർമാണ പദ്ധതികൾ വേഗത്തിൽ ആക്കാനാണ് സർക്കാർ ഇടപെടുക. പദ്ധതിക്കുള്ള അംഗീകാരം നേടിയെടുക്കുന്നതിന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ വകുപ്പു സെക്രട്ടറിയെ മന്ത്രി ചുമതലപ്പെടുത്തി. ദേശീയപാതാ നിർമാണവുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. എല്ലാ പ്രവൃത്തികളും കൃത്യമായ ഇടവേളകളിൽ പരിശോധിക്കും. പ്രവൃത്തിക്ക് അംഗീകാരം ലഭിക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയുമായി ചർച്ച നടത്തും.

## വിവാഹത്തിനു മണിക്കൂറുകൾ മാത്രം; പ്രതിശ്രുത വരൻ ശുചിമുറിയിൽ മരിച്ച നിലയിൽ

കൊണ്ടോട്ടി: പ്രതിശ്രുത വരനെ വിവാഹദിവസം ശുചിമുറിയിൽ മരിച്ച നിലയിൽ കണ്ടെത്തി. കരിപ്പൂർ കുമ്മിണിപ്പറമ്പ് സ്വദേശി ജിബിൻ (30) ആണ് മരിച്ചത്. രാവിലെ 7.30ന് ജിബിനെ ശുചിമുറിയിൽ കൈഞരമ്പ് മുറിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.മഞ്ചേരി സ്വദേശിനിയായ യുവതിയുമായി ജിബിന്റെ വിവാഹം നിശ്ചയിച്ചിരുന്നു. രാവിലെ കുളിക്കുന്നതിനായി ശുചിമുറിയിൽ കയറിയതിന് ശേഷം ജിബിൻ വാതിൽ തുറന്നിരുന്നില്ല. തുടർന്ന് ബന്ധുക്കൾ വാതിൽ തകർത്ത് അകത്തു കയറിയപ്പോൾ കൈ ഞരമ്പ് മുറിച്ച നിലയിലായിരുന്നു ജിബിൻ. ഉടൻതന്നെ കൊണ്ടോട്ടിയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും യുവാവിനെ രക്ഷിക്കാനായില്ല.ദുബായിയിൽ ജോലിചെയ്യുന്ന ജിബിൻ നാട്ടിലെത്തിയിട്ട് നാലു ദിവസമേ ആയിട്ടുള്ളൂ. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.എന്തെങ്കിലും പ്രശ്നങ്ങളുള്ളതായി ഒരു സൂചനയുമില്ലെന്നാണ് ബന്ധുക്കളും സുഹൃത്തുക്കളും പറയുന്നത്. മൃതദേഹം മഞ്ചേരി മെഡിക്കൽ കോളജിലേക്ക് മാറ്റി. ജിബിന്റെ ഫോൺ കോൾ വിവരങ്ങൾ അടക്കം പോലീസ് പരിശോധിക്കുന്നുണ്ട്.

## അന്വേഷണസംഘത്തിനു മൊഴിനല്കി; വീട്ടുകാരെ ബോധ്യപ്പെടുത്തിയ ശേഷം നടന്റെ പേര് പറയും'

തിരുവനന്തപുരം: യുവനടനെതിരേ പരാതി നൽകിയ കൊച്ചിയിലെ നടിയുടെ മൊഴി പ്രത്യേക അന്വേഷണ സംഘം രേഖപ്പെടുത്തി. നേരെത്തെ ആരോപണം ഉന്നയിച്ച അതേ നടനെതിരെയാണ് പരാതി നൽകിയതെന്നും വീട്ടുകാരെ ബോധ്യപ്പെടുത്തിയ ശേഷം നടന്റെ പേര് വെളിപ്പെടുത്തുമെന്നും മൊഴി കൊടുത്തതിന് ശേഷം നടി മാധ്യമപ്രവർത്തകരോട് പ്രതികരിച്ചു.വ്യക്തിപരമായ നേട്ടത്തിനല്ല പരാതി നൽകിയതെന്നും കലാരംഗത്തു നേരിട്ട പ്രശ്നമാണ് പരാതിയായി ഉന്നയിച്ചതെന്നും നടി കൂട്ടിച്ചേർത്തു. അതേസമയം, മാധ്യമ പ്രവർത്തകൻ എന്ന പേരിൽ ചിലർ വരുന്നുണ്ടെന്നും ആരും ഭീഷണിപ്പെടുത്താൻ നോക്കണ്ടെന്നും നടി പറഞ്ഞു.ലൊക്കേഷനിൽ വച്ച് യുവതാരം പിന്നിൽ നിന്ന് അപ്രതീക്ഷിതമായി കടന്നുപിടിക്കുകയായിരുന്നുവെന്നും പിന്നീട് മാപ്പുപറഞ്ഞ് തലയൂരിയെന്നുമാണ് നടിയുടെ ആരോപണം.

## സ്പോട്ട് അഡ്മിഷൻ

കേരള സർക്കാർ ഗതാഗത വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ശ്രീ ചിത്തിര തിരുനാൾ എൻജിനീയറിങ് കോളേജിൽ ഒഴിവുള്ള ബി.ടെക് ലാറ്ററൽ എൻട്രി സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. LET റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ വിദ്യാർഥികൾ 2024 ആഗസ്റ്റ് 29 രാവിലെ 10 മണിക്ക് ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.sctce.ac.in. ഫോൺ നമ്പർ: 0471 2490572 / 2490772 / 9495565772.

# ഇൻഷുറൻസ് തുക കിട്ടാൻ യാചകനെ കൊന്ന് സ്വന്തം മരണമാക്കി; 'സുകുമാരക്കുറുപ്പ് മോഡൽ' കൊലയിൽ പ്രതി പിടിയിൽ

ബെംഗളൂരു: ഇൻഷുറൻസ് ക്ലെയിം ചെയ്യുന്നതിന് കൃത്രിമ റോഡപകടമുണ്ടാക്കി അജ്ഞാതവ്യക്തിയെ കൊലപ്പെടുത്തിയ വ്യവസായിയും സുഹൃത്തും അറസ്റ്റിൽ. ബെംഗളൂരുവിന് സമീപം ഹൊസ്കോട്ടെ സ്വദേശി മുനിസ്വാമി ഗൗഡ, ലോറിഡ്രൈവർ ദേവേന്ദ്ര നായക എന്നിവരാണ് അറസ്റ്റിലായത്. കേസിൽ മുനിസ്വാമി ഗൗഡയുടെ ഭാര്യ ശില്പറാണിയെ പോലീസ് തിരഞ്ഞുവരുകയാണ്. മുനിസ്വാമി ഗൗഡയോട് സാദൃശ്യംതോന്നുന്ന ഭിക്ഷാടകനെയാണ് കൊലപ്പെടുത്തിയതെന്ന് പോലീസ് പറഞ്ഞു. ഇയാളുടെ പേരുവിവരങ്ങൾ ലഭിച്ചിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കാനാണ് മുനിഗൗഡ സ്വന്തം മരണം ആസൂത്രണംചെയ്തതെന്ന് പോലീസ് പറഞ്ഞു. ഓഗസ്റ്റ് 13ന് ഹാസനിൽ വെച്ചായിരുന്നു കൊലപാതകം.

മുനിഗൗഡയും ശില്പറാണിയും ഭിക്ഷാടകനുമായി സൗഹൃദത്തിലായ ശേഷം കാറിൽ ഒരുമിച്ച് യാത്രപോയി. യാത്രയ്ക്കിടെ ടയർ പഞ്ചറായെന്നുപറഞ്ഞ് മുനിഗൗഡ വാഹനം നിർത്തി. കൂടെയുണ്ടായിരുന്ന ഭിക്ഷാടകനോട് സഹായിക്കാൻ ആവശ്യപ്പെട്ടു. ഇയാൾ ടയർ മാറ്റാൻ തുടങ്ങിയപ്പോൾ മുനിഗൗഡ അതുവഴിവന്ന ദേവേന്ദ്ര നായക ഓടിച്ച ലോറിക്കടിയിലേക്ക് തള്ളിയിടുകയായിരുന്നു. റോഡപകടമെന്ന് തോന്നിക്കുന്നതിനായിരുന്നു ഇത്. മുനിഗൗഡ വാഹനാപകടത്തിൽ കൊല്ലപ്പെട്ടെന്നാണ് എല്ലാവരും വിചാരിച്ചത്.

സംശയത്തിനിടവരാത്ത രീതിയിൽ സംസ്കാരച്ചടങ്ങുകളും നടത്തി. ശില്പറാണി ഇതുസംബന്ധിച്ച് പോലീസിന് മൊഴിയും നൽകിയിരുന്നു. ഇതിനിടെ ശില്പറാണി ഇൻഷുറൻസ് തുക നേടിയെടുക്കാനുള്ള നടപടി ആരംഭിച്ചു. എന്നാൽ, പിടിക്കപ്പെടുമോയെന്ന് സംശയം തോന്നിയതോടെ മുനിഗൗഡ തന്റെ ബന്ധുവായ സിദ്ദലഘട്ട പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടർ ശ്രീനിവാസിനെപ്പോയി കണ്ടു. ശ്രീനിവാസും സംസ്കാരച്ചടങ്ങിൽ പങ്കെടുത്തിരുന്നു. സഹായിക്കുമെന്ന് പ്രതീക്ഷിച്ചാണ് ശ്രീനിവാസിനെ കണ്ടത്. എന്നാൽ, മുനിഗൗഡയെ കണ്ടതോടെ അമ്പരന്നുപോയ ശ്രീനിവാസ് ഉടൻതന്നെ ഹാസൻ പോലീസിനെ വിവരമറിയിച്ചു. തുടർന്ന് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തപ്പോൾ മുനിഗൗഡ കുറ്റം സമ്മതിച്ചെന്ന് പോലീസ് പറഞ്ഞു. ഹൊസ്കോട്ടെയിൽ ടയർകട നടത്തിയിരുന്ന മുനിഗൗഡയ്ക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ടായിരുന്നു.

# കോൽക്കത്ത സംഭവം ഭയാനകം; ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കരുതെന്ന് രാഷ്ട്രപതി

ന്യൂഡൽഹി: രാജ്യത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ കടുത്ത വിമർശനവുമായി രാഷ്ട്രപതി ദ്രൗപതി മുർമു. സ്ത്രീകളെ ഉപഭോഗവസ്തുക്കളായി കാണുന്നത് അനുവദിക്കാനാവില്ലെന്ന് രാഷ്ട്രപതി വിമർശിച്ചു.

നിർഭയക്ക് ശേഷവും സമൂഹത്തിന് ഒന്നാകെ മറവിരോഗം ബാധിക്കുന്നത് ഉചിതമല്ല. കോൽക്കത്ത സംഭവം ഭയാനകവും ആശങ്കപ്പെടുത്തുന്നതുമാണ്. സംഭവിച്ചത് സംഭവിച്ചു. ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കരുതെന്നും മുർമു പറഞ്ഞു.

സ്ത്രീകളെ കഴിവില്ലാത്തവരായും ബുദ്ധിയും ശക്തിയും ഇല്ലാത്തവരായും ചിലർ കാണുന്നുണ്ട്. ഇത്തരം കാര്യങ്ങൾ അവസാനിപ്പിക്കണമെന്നും രാഷ്ട്രപതി വ്യക്തമാക്കി. സ്ത്രീകൾക്കെതിരെ വൈകൃത ചിന്തയോടെയുള്ള പ്രവണതകൾ തടയണം. രാജ്യത്തെ സ്ത്രീകളുടെ ഉയർച്ച തടയുന്നത് അനുവദിക്കാനാവില്ലെന്നും രാഷ്ട്രപതി വ്യക്തമാക്കി. വാർത്താ ഏജൻസിക്ക് നൽകിയ ലേഖനത്തിലാണ് രാഷ്ട്രപതിയുടെ പ്രതികരണം.

ബംഗാളിൽ വനിതാ ഡോക്ടർ ക്രൂര ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ടതും രാജ്യത്ത് സ്ത്രീകൾക്കെതിരായി നടക്കുന്ന മറ്റ് അതിക്രമങ്ങളുടെയും പശ്ചാത്തലത്തിലാണ് രാഷ്ട്രപതിയുടെ പ്രതികരണം.

# കോൽക്കത്ത ആർജി കർ ആശുപത്രിയിലെ മുൻ പ്രിൻസിപ്പലിനെ ഐഎംഎ സസ്പെൻഡ് ചെയ്തു

ന്യൂഡൽഹി: വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് കൊൽക്കത്തയിലെ ആർ ജി കർ ആശുപത്രിയിലെ മുൻ പ്രിൻസിപ്പൽ സന്ദീപ് ഘോഷിനെ അംഗത്വത്തിൽ നിന്ന് ഐഎംഎ സസ്പെൻഡ് ചെയ്തു. സംഭവവുമായി ബന്ധപ്പെട്ട് സന്ദീപ് ഘോഷിനെതിരേ വലിയ ആക്ഷേപങ്ങളുയർന്നിരുന്നു. സന്ദീപ് ഘോഷിന്റെ നുണപരിശോധന സിബിഐ കഴിഞ്ഞ ദിവസമാണ് പൂർത്തിയാക്കിയത്. സംഭവം മറച്ചുവെക്കാൻ പ്രിൻസിപ്പൽ ശ്രമിച്ചെന്നും ആത്മഹത്യയാണെന്നാണ് ആദ്യം വിശദീകരിച്ചതെന്നും പി. ജി. ഡോക്ടറുടെ കുടുംബം അടക്കം ആരോപിച്ചിരുന്നു. കഴിഞ്ഞദിവസം സുപ്രീം കോടതിയും ഇക്കാര്യം ചൂണ്ടിക്കാട്ടി. ഡോക്ടറുടെ കൊലപാതകത്തിൽ കഴിഞ്ഞദിവസങ്ങളിൽ സി. ബി. ഐ. സംഘവും സന്ദീപ് ഘോഷിനെ മണിക്കൂറുകളോളം ചോദ്യംചെയ്തു. അതിനിടെ, മെഡിക്കൽ കോളേജിലെ സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും സന്ദീപ് ഘോഷിനെതിരേ കഴിഞ്ഞദിവസം അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക അന്വേഷണസംഘത്തെ ചുമതലപ്പെടുത്തി. ഒരുമാസത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാനാണ് സർക്കാരിന്റെ നിർദേശം.

# അഭിമാനമായി ആശയും സജനയും; ടി20 ലോകകപ്പിനുള്ള ഇന്ത്യൻ വനിതാ ടീമിൽ രണ്ടു മലയാളികൾ

മുംബൈ: ഐസിസി വനിതാ ട്വൻറി 20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിൽ രണ്ടു മലയാളി താരങ്ങളും ഇടംപിടിച്ചു. ആശ ശോഭനയും സജന സജീവനുമാണ് 15 അംഗ ടീമിലെ മലയാളികൾ.ഹർമൻപ്രീത് കൗറാണ് ടീം ക്യാപ്റ്റൻ. സ്മൃതി മന്ദാനയാണ് വൈസ് ക്യാപ്റ്റൻ. ഒക്ടോബർ മൂന്നുമുതൽ 20 വരെ യുഎഇയിലാണ് ലോകകപ്പ് പോരാട്ടം. ആഭ്യാന്തര കലാപത്തെ തുടർന്നു ബംഗ്ലാദേശിൽ നടക്കേണ്ട ടൂർണമെൻറ് യുഎഇയിലേക്ക് മാറ്റുകയായിരുന്നു.

ഇന്ത്യൻ ടീം: ഹർമൻപ്രീത് കൗർ, സ്മൃതി മന്ദാന, ഷെഫാലി വർമ, ദീപ്തി ശർമ, ജെമിമ റോഡ്രിഗസ്, റിച്ച ഘോഷ് (വിക്കറ്റ് കീപ്പർ), യസ്തിക ഭാട്ടിയ (വിക്കറ്റ് കീപ്പർ), പൂജ വസ്ത്രാകർ, ദയാളൻ ഹേമലത, അരുന്ധതി റെഡ്ഡി, രാധ യാദവ്, ശ്രേയങ്ക പാട്ടീൽ, ആശ ശോഭന, രേണുക സിംഗ്, സജന സജീവൻ.

ഉമ ഛേത്രി, തനുജ കൻവാർ, സൈമ താക്കൂർ എന്നിവർ ട്രാവലിംഗ് റിസർവ് താരങ്ങളാണ്. രാഘവി ബിഷ്ട്, പ്രിയ മിശ്ര എന്നിവർ നോൺ ട്രാവലിംഗ് റിസർവ് താരങ്ങളുമാണ്.

# മാധ്യമപ്രവർത്തകർക്ക് നേരെയുള്ള സുരേഷ് ഗോപിയുടെ കൈയ്യേറ്റം; കേന്ദ്ര സർക്കാർ വിവരങ്ങൾ തേടി

ന്യൂഡൽഹി: മാധ്യമപ്രവർത്തകരെ കേന്ദ്ര മന്ത്രി സുരേഷ് ഗോപി കൈയ്യേറ്റം ചെയ്ത സംഭവത്തിൽ കേന്ദ്ര സർക്കാർ വിവരങ്ങൾ തേടി. ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശപ്രകാരം ഡൽഹി പോലീസ് സംഭവത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

സംഭവത്തിന്റെ പശ്ചാത്തലത്തിൽ സുരേഷ് ഗോപിയുടെ സുരക്ഷ വർധിപ്പിക്കാൻ കേന്ദ്രം നിർദേശം നൽകിയിട്ടുണ്ട്. അതേസമയം മന്ത്രിക്കും സ്റ്റാഫിനും നേരേ ആക്രമണമുണ്ടായെന്ന് സുരേഷ് ഗോപിയുടെ ഓഫീസ് അറിയിച്ചു.

സംഭവത്തിൽ തൃശൂർ സിറ്റി പോലീസ് കമ്മീഷണർക്ക് സുരേഷ് ഗോപി പരാതി നൽകിയിട്ടുണ്ട്. രമനിലയം ഗസ്റ്റ്ഹൗസിൽവച്ച് മാധ്യമപ്രവർത്തകർ മാർഗതടസം സൃഷ്ടിച്ചെന്ന് പരാതിയിൽ പറയുന്നു. അതേസമയം സംഭവത്തിൽ സുരേഷ് ഗോപിക്കെതിരെ അന്വേഷണം തുടങ്ങി. തൃശൂർ പോലീസ് കമ്മീഷ്ണറുടെ നിർദേശത്തെ തുടർന്ന് സിറ്റി എസിപിയാണ് അന്വേഷണം തുടങ്ങിയത്.

അനിൽ അക്കരയുടെ പരാതിയിലാണ് പ്രാഥമിക അന്വേഷണം നടത്തുന്നത്. അനിൽ അക്കരെയുടെ മോഴി വ്യാഴാഴ്ച രേഖപ്പെടുത്തും. പരാതിക്കാരനിൽ നിന്നും മാധ്യമപ്രവർത്തകരിൽ നിന്നും വേണ്ടി വന്നാൽ മൊഴിയെടുക്കും.

ചൊവ്വാഴ്ച ഉച്ചയ്ക്കു തൃശൂർ രാമനിലയത്തിലെത്തിയ മാധ്യമപ്രവർത്തകരോട് പ്രതികരിക്കാൻ സൗകര്യമില്ലെന്നും വഴി എന്റെ അവകാശമാണെന്നും പറഞ്ഞ് ക്ഷോഭിച്ചാണ് വാഹനത്തിനു സമീപത്തുനിന്നു കേന്ദ്രമന്ത്രി തള്ളിമാറ്റിയത്

## സിദ്ദിഖിനെതിരായ ബലാത്സംഗ കേസ്; യുവ നടിയുടെ മൊഴി രേഖപ്പെടുത്തി

തിരുവനന്തപുരം: നടൻ സിദ്ദിഖിനെതിരെ ആരോപണ മുന്നയിച്ച യുവ നടിയുടെ മൊഴി പോലീസ് രേഖപ്പെടുത്തി. സംഭവത്തിൽ പോലീസ് നേരത്തെ ബലാത്സംഗത്തിന് കേസെടുത്തിരുന്നു. 2016 ൽ മാസ്ക്കറ്റ് ഹോട്ടലിൽ വെച്ച് സിദ്ദിഖ് നടിയെ ബലാത്സംഗം ചെയ്തുവെന്ന പരാതിയിലാണ് കേസ്.ഡിജിപിക്ക് കൈമാറിയ പരാതി പ്രത്യേക സംഘം വഴിയാണ് കേസെടുക്കാനായി പോലീസിന് കൈമാറിയത്. ഇന്ന് രാവിലെ കേസെടുത്ത ശേഷമാണ് മ്യൂസിയം എസ്ഐ ആശചന്ദ്രൻ നടിയുടെ മൊഴി രേഖപ്പെടുത്തിയത്. മൊഴി രേഖപ്പെടുത്തിയ പ്രത്യേക സംഘം കോടതി വഴി രഹസ്യമൊഴിയുമെടുക്കും.

സനിമയുടെ ചർച്ചകൾക്കായി വിളിച്ചുവരുത്തിയ ശേഷം ബലാത്സംഗംചെയ്തെന്നാണ് നടിയുടെ വെളിപ്പെടുത്തൽ. ചെറിയ പ്രായത്തിലാണ് തനിക്ക് ഈ ദുരനുഭവമുണ്ടായതെന്നും അവർ വ്യക്തമാക്കി.തന്റെ സുഹൃത്തുക്കൾക്കും സമാനമായ അനുഭവം ഉണ്ടായിട്ടുണ്ടെന്ന് അവർ വ്യക്തമാക്കി. പരാതിക്കാരിയായ യുവനടിയെ തിരുവനന്തപുരത്തു വച്ച് കണ്ടിരുന്നതായി സിദ്ധിഖും സമ്മതിച്ചിരുന്നു. എന്നാൽ പരാതിയിൽ ഗൂഢാലോചനയുണ്ടെന്നാണ് സിദ്ധിഖിന്റെ വാദം.

## നിർണായക വിവരങ്ങൾ ചോർത്തി; കൊച്ചി കപ്പൽശാലയിൽ എൻഐഎയുടെ പരിശോധന

കൊച്ചി: കപ്പൽ ശാലയിലെ നിർണായക വിവരങ്ങൾ ചോർത്തിയെന്ന സൂചനയെത്തുടർന്ന് എൻഐഎ സംഘത്തിന്റെ പരിശോധന. ഹൈദരാബാദ് എൻഐഎ യൂണിറ്റാണ് പരിശോധന നടത്തുന്നത്. സംഭവത്തിൽ ഒരു ജീവനക്കാരനെ എൻഐഎ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യുകയാണ്. പ്രതിരോധ കപ്പലുകളുടെ വിവരങ്ങൾ ചോർന്നതായാണ് വിവരം. ജീവനക്കാരനിൽ നിന്നും വിവരങ്ങൾ ചോർന്നെന്നാണ് സൂചന. 2023 ൽ എയ്ജൽ പായൽ എന്ന ഫെയ്സ്ബുക്ക് പേജിലേക്ക് പ്രതിരോധ കപ്പലുകളുടെ അകത്തെ ദൃശ്യങ്ങൾ അടക്കമുള്ള നിർണായക വിവരങ്ങൾ കൈമാറിയെന്ന് എൻഐഎ കണ്ടെത്തിയിരുന്നു. കേസുമായി ബന്ധപ്പെട്ട് കപ്പൽശാലയിലെ കരാർ തൊഴിലാളി ശ്രീനിഷ് പൂക്കോടിനെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

## വയനാട് ദുരന്തത്തിൽ മരിച്ച 36 പേരെ തിരിച്ചറിഞ്ഞു; മൃതദേഹവും ശരീരഭാഗങ്ങളും വിട്ടുനൽകും

കൽപ്പറ്റ: ചൂരൽമല, മുണ്ടക്കൈ പ്രദേശത്തുണ്ടായ ഉരുൾപൊട്ടലിൽ മരിച്ച 36 പേരെ ഡിഎൻഎ പരിശോധനയിലൂടെ തിരിച്ചറിഞ്ഞതായി ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീ അറിയിച്ചു. കണ്ണൂർ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ നടത്തിയ പരിശോധനയിലാണ് മൃതദേഹങ്ങൾ തിരിച്ചറിഞ്ഞത്. ഒരാളുടെ തന്നെ ഒന്നിൽ കൂടുതൽ ശരീര ഭാഗങ്ങൾ ലഭിച്ചതായി പരിശോധനയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. ഇത് ഉൾപ്പെടെ പരിശോധിച്ചാണ് 36 പേരെ തിരിച്ചറിഞ്ഞത്. തിരിച്ചറിഞ്ഞ മൃതദേഹങ്ങളും ശരീര ഭാഗങ്ങളും ലഭിക്കുന്നതിന് ബന്ധുക്കൾ മാനന്തവാടി സബ് കളക്ടർക്ക് അപേക്ഷ നൽകണം. ഈ സാഹചര്യത്തിൽ മൃതദേഹങ്ങൾ പുറത്തെടുക്കുന്നതിനും കൈമാറുന്നതിനും സബ് കളക്ടർക്ക് അധികാരം നൽകിയതായി ജില്ലാ കളക്ടറുടെ ഉത്തരവിൽ പറയുന്നു.

## ജമ്മു കാഷ്മീർ തെരഞ്ഞെടുപ്പിൽ മത്സരിക്കില്ല: മെഹ്ബൂബ മുഫ്തി

ശ്രീനഗർ: ജമ്മു കാഷ്മീർ നിയമസഭയിലേക്ക് ഈ വർഷം നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ താൻ മത്സരിക്കില്ല എന്ന് മുൻ മുഖ്യമന്ത്രിയും പിഡിപി അധ്യക്ഷയുമായ മെഹ്ബൂബ മുഫ്തി. വിജയിച്ചാലും പാർട്ടിയുടെ ആശയങ്ങളും ലക്ഷ്യങ്ങളും നടക്കാപ്പാക്കാൻ കഴിയില്ല എന്നതുകൊണ്ടാണ് മത്സരിക്കാത്തതെന്നും അവർ പറഞ്ഞു.'ജമ്മു കാഷ്മീരിലെ നിലവിലെ അവസ്ഥയിൽ സ്വതന്ത്രമായി ഭരിക്കാൻ സാധിക്കില്ല. കേന്ദ്ര ഭരണത്തിന്റെ കീഴിലായതുകൊണ്ട് തന്നെ ഇവിടെ അധികാരത്തിൽ വരുന്ന സർക്കാരിന് ഒന്നും ചെയ്യാൻ സാധിക്കില്ല. മുന്പ് ബിജെപിയുമായി സഖ്യമുണ്ടായിരുന്നു എന്നാൽ ഇനി അവരുമായി സഖ്യത്തിന് പോകില്ല.' മെഹ്ബൂബ മുഫ്തി പറഞ്ഞു.മെഹ്ബൂബ മുഫ്തിയുടെ മകൾ ഇൽജിത മുഫ്തി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നുണ്ട്. ഇൽജിത മുഫ്തി കഴിഞ്ഞ ദിവസം ബിജ്ബെഹറ മണ്ഡലത്തിൽ പിഡിപി സ്ഥാനാർഥിയായി നാമനിർദേശ പത്രിക സമർപ്പിച്ചിരുന്നു. പിഡിപിയുടെ ശക്തികേന്ദ്രമാണ് തെക്കൻ കാഷ്മീരിലെ ബിജ്ബെഹറ മണ്ഡലം.

## ഓണപ്പരീക്ഷയെത്തി; ടൈം ടേബിൾ പ്രഖ്യാപിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ഓണപ്പരീക്ഷയ്ക്കുള്ള സമയപ്പട്ടിക പ്രഖ്യാപിച്ചു. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിലേക്കുള്ള പരീക്ഷയുടെ സമയപ്പട്ടികയാണ് പ്രഖ്യാപിച്ചത്. സെപ്റ്റംബർ മൂന്നിന് ആരംഭിച്ച് 12ന് പരീക്ഷകൾ അവസാനിക്കും.രാവിലെ പത്തുമുതൽ 12.15 വരെയും ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.45 വരെയുമാണ് പരീക്ഷ. വെള്ളിയാഴ്ചകളിൽ ഉച്ചകഴിഞ്ഞുള്ള പരീക്ഷകൾ രണ്ടുമുതൽ വൈകീട്ട് 4.15 വരെയായിരിക്കും.ആകെ രണ്ടു മണിക്കൂറാണ് പരീക്ഷ.15 മിനിറ്റ് കൂൾ ഓഫ് ടൈം ആയും ക്രമീകരിച്ചിട്ടുണ്ട്.

## തുല്യതാപരീക്ഷ: സെപ്റ്റംബർ 11 വരെ ഫീസ് അടക്കാം

ഒക്ടോബർ 21 മുതൽ 30 വരെ നടക്കുന്ന പത്താംതരം തുല്യതാപരീക്ഷയ്ക്ക് സെപ്റ്റംബർ 11 വരെ ഫീസടയ്ക്കാം. പിഴയോടുകൂടി സെപ്റ്റംബർ 13ാം തീയതിക്കകം ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ ഫീസ് അടയ്ക്കാവുന്നതാണ്. അപേക്ഷകൻ നേരിട്ട് ഓൺലൈനായി രജിസ്ട്രേഷനും കൺഫർമേഷനും നടത്തണം. കൺഫർമേഷൻ നൽകിയ ശേഷം ലഭിക്കുന്ന അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് അനുബന്ധരേഖകൾ ഉൾപ്പെടെ അതത് പരീക്ഷാകേന്ദ്രങ്ങളിലാണ് ഫീസ് ഒടുക്കേണ്ടത്. ഗ്രേഡിംഗ് സംവിധാനത്തിലുള്ള പ്രൈവറ്റ് വിഭാഗം അപേക്ഷകർക്കും ഇത് ബാധകമാണ്. വിശദവിവരങ്ങൾക്ക്: https://pareekshabhavan.kerala.gov.in.

## കാമുകനൊപ്പം ജീവിക്കാൻ മൂന്ന് വയസുകാരിയായ മകളെ കൊന്നു; യുവതി അറസ്റ്റിൽ

പാറ്റ്ന: മൂന്ന് വയസുകാരിയായ മകളെ കൊലപ്പെടുത്തിയ കേസിൽ യുവതിയെ ബിഹാർ പോലീസ് അറസ്റ്റ് ചെയ്തു. 'ക്രൈം പട്രോൾ' എന്ന ടിവി സീരിയലിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് കാജൽ കുമാരി എന്ന !!യുവതി കുറ്റകൃത്യം ചെയ്തതെന്ന് പോലീസ് കണ്ടെത്തി.

പ്രതിക്ക് മറ്റൊരാളുമായി അവിഹിത ബന്ധമുണ്ടായിരുന്നുവെന്നും ഇയാളോടൊപ്പം ജീവിക്കാൻ ആഗ്രഹമുണ്ടെന്നും ഭർത്താവിനെ ഉപേക്ഷിക്കാൻ അവൾ നേരത്തെ തന്നെ തീരുമാനിച്ചിരുന്നുവെന്നും മുസാഫർപൂർ പോലീസ് സൂപ്രണ്ട് (എസ്പി) അവദേശ് സരോജ് ദീക്ഷിത് പറഞ്ഞു.തനിക്കൊപ്പം ജീവിക്കണമെങ്കിൽ മകളെ ഉപേക്ഷിക്കണമെന്ന് ഇയാൾ യുവതിയോട് നിർദേശിച്ചിരുന്നു. ഇതേതുടർന്നാണ് കാജൽ കുമാരി മകളെ കൊലപ്പെടുത്തിയത്.

ഓഗസ്റ്റ് 23 ന് പ്രതികൾ കുട്ടിയുടെ കഴുത്തറക്കുകയും മൃതദേഹം സ്യൂട്ട്കേസിൽ പൊതിഞ്ഞ് ഉപേക്ഷിക്കുകയുമായിരുന്നു.പോലീസ് നടത്തിയ ചോദ്യം ചെയ്യലിൽ പരസ്പര വിരുദ്ധമായ മൊഴിയാണ് കാജൽ കുമാരി നൽകിയത്. തുടർന്ന് ഇവർ കുറ്റം സമ്മതിക്കുകയായിരുന്നു.

## മുകേഷിനെതിരെ കൃത്യമായ അന്വേഷണം നടക്കും; പാർട്ടി പ്രതിരോധത്തിലല്ലെന്നും കെ.എൻ. ബാലഗോപാൽ

തിരുവനന്തപുരം: നടനും സിപിഎം എംഎൽഎയുമായ എം. മുകേഷിനെതിരേ ഉയർന്ന ലൈംഗികാരോപണത്തിൽ കൃത്യമായ അന്വേഷണം നടക്കുമെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ. മുകേഷിനെതിരായ ആരോപണത്തിൽ പാർട്ടി പ്രതിരോധത്തിലല്ലെന്നും അദ്ദേഹം വ്യക്തമാക്കി.ഏതെങ്കിലും കാര്യം മറയ്ക്കാനോ മായ്ക്കാനോ പാർട്ടിക്കും സർക്കാരിനും താത്പര്യമില്ല. വിഷയത്തിൽ സീനിയർ ഉദ്യോഗസ്ഥർ അടങ്ങിയ സംഘംത്തിന്റെ അന്വേഷണം വരുന്നുണ്ട്.

ഒരു കാര്യത്തിൽ മാത്രമല്ല അന്വേഷണം. ഹേമ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച പൊതുവായ കാര്യങ്ങളിൽ അന്വേഷണം നടക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.പല ആരോപണങ്ങളും വന്നു. അതിൽ ഏതാണ് വിശ്വസനീയമെന്ന് ഇപ്പോൾ പറയാൻ താൻ ആളല്ല. അന്വേഷണം നടക്കട്ടെയെന്നും വിവരങ്ങൾ പുറത്തുവരട്ടെയെന്നും അദ്ദേഹം വ്യക്തമാക്കി.

## കുറ്റം തെളിഞ്ഞാൽ മാതൃകാപരമായ ശിക്ഷ നൽകണം: പൃഥ്വിരാജ്

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിൻമേൽ അന്വേഷണം നടത്തണമെന്നും കുറ്റം തെളിഞ്ഞാൽ മാതൃകാപരമായ ശിക്ഷ നൽകണം എന്നും നടൻ പൃഥ്വിരാജ്. ആരോപണം തെറ്റെന്നു തെളിഞ്ഞാൽ തിരിച്ചും നടപടി വേണമെന്നും പൃഥ്വിരാജ് പറഞ്ഞു. പഴുതടച്ചുള്ള അന്വേഷണമാണ് വേണ്ടതെന്നും താരം പറഞ്ഞു.

കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന പേരുകൾ പുറത്ത് വിടണോ എന്ന് തീരുമാനിക്കേണ്ടത് ഞാനല്ല. ഞാൻ ഇതിൽ ഇല്ലാ എന്ന് പറയുന്നതിൽ തീരുന്നില്ല എൻറെ ഉത്തരവാദിത്തമെന്നും പൃഥ്വിരാജ് പറഞ്ഞു. പവർ ഗ്രൂപ്പ് ഉണ്ടെങ്കിൽ അത് ഇല്ലാതാകണം, ഞാൻ അനുഭവിച്ചിട്ടില്ല എന്നത് കൊണ്ട് അങ്ങനെ ഒരു ഗ്രൂപ്പ് ഇല്ലെന്ന് പറയൻ കഴിയില്ലെന്നും പൃഥ്വിരാജ് പറഞ്ഞു.

ഒരു പദവിയിൽ ഇരിക്കുന്നവർ ആരോപണം നേരിടുമ്പോൾ പദവി ഒഴിയുക തന്നെ വേണമെന്നും അമ്മ ശക്തമായ നിലപാട് എടുക്കണമെന്നും പൃഥ്വിരാജ് പറഞ്ഞു. എല്ലാവരും ഒത്തു ചേർന്നുള്ള സംഘടന സംവിധാനം ആണ് വേണ്ടത്, അതുടനെ വരും എന്നു പ്രതീക്ഷിക്കുന്നതായും താരം പ്രതികരിച്ചു.

സിനിമയിൽ ബഹിഷ്കരണവും വിലക്കും പാടില്ലെന്നും താരം കൂട്ടിച്ചേർത്തു. എല്ലാ സംഘടനയുടേയും തലപ്പത്ത് സ്ത്രീകൾ വേണമെന്നാണ് നിലപാട്. കോൺക്ലേവ് പ്രശ്ന പരിഹാരം ഉണ്ടാകട്ടെ. എന്നാൽ കഴിയുന്നത് എല്ലാം ചെയ്യാമെന്നും പൃഥ്വിരാജ് പറഞ്ഞു.

# കടമെടുപ്പു പരിധി ഉയർത്തണമെന്ന് കേരളം

തിരുവനന്തപുരം: ഓണച്ചെലവുകൾക്ക് 10, 000 മുതൽ 12,000 കോടി രൂപവരെ വേണ്ടിവരുന്ന സാഹചര്യത്തിൽ കേരളത്തിന്റെ കടമെടുപ്പു പരിധി ഉയർത്തണമെന്നു വീണ്ടും കേന്ദ്രത്തോട് അഭ്യർഥിച്ച് കേരളം.

കടമെടുപ്പു പരിധിയുടെ കാര്യത്തിൽ പുനർനിർണയം വേണമെന്ന ആവശ്യം മുഖ്യമന്ത്രിയും ധനമന്ത്രിയും കേന്ദ്രത്തിന്റെ ശ്രദ്ധയിൽ പെടുത്തി. ഓണക്കാല ചെലവുകൾക്ക് മുന്നോടിയായി 3000 കോടി രൂപ ധനവകുപ്പ് കടമെടുക്കും.

ഈ സാന്പത്തികവർഷം ഏപ്രിൽ മുതൽ ഡിസംബർ വരെ 21,700 കോടി രൂപയുടെ കടമെടുക്കാനാണ് കേരളത്തിന് അനുമതി നൽകിയിട്ടുള്ളത്. കിഫ്ബിയുടെയും സാമൂഹിക സുരക്ഷാ പെൻഷൻ കന്പനിയുടെയും പേരിൽ വെട്ടിക്കുറച്ച കടമെടുപ്പു പരിധി പുനഃസ്ഥാപിക്കണമെന്ന ആവശ്യമാണ് ഉയർത്തുന്നത്.

കഴിഞ്ഞ ജൂണിൽ ഇതു സംബന്ധിച്ചു നിവേദനം നൽകിയിരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ വീണ്ടും നൽകി. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ 3.5 ശതമാനം കടമെടുക്കാൻ അനുമതി നൽകണമെന്നാണ് ആവശ്യം.


വയനാട് ദുരന്തവുമായി ബന്ധപ്പെട്ടു സർക്കാരിന്റെ ഓണാഘോഷ പരിപാടികൾ ഒഴിവാക്കിയതിനാൽ, കഴിഞ്ഞ വർഷത്തെപ്പോലെ ഓണച്ചെലവ് ഉയരില്ലെന്നാണു കണക്കാക്കുന്നത്.

സെപ്റ്റംബർ ആദ്യം ശന്പളം നൽകുന്നതിനാൽ, പിന്നീട് 15നകം ബോണസും ഉത്സവബത്തയും നൽകിയാൽ മതിയാകും.

രണ്ടുമാസത്തെ ക്ഷേമ പെൻഷനും നൽകാനും സർക്കാർ തലത്തിൽ ധാരണയായിട്ടുണ്ട്. അഞ്ച് മാസത്തെ കുടിശികയിൽനിന്ന് ഒരു ഗഡുവും നടപ്പുമാസത്തെ പെൻഷനുമാണ് നൽകുന്നത്. ഓണക്കാലത്ത് രണ്ട് മാസത്തെ പെൻഷൻ കൊടുക്കാനാണ് സർക്കാർ തീരുമാനം. 55 ലക്ഷം പെൻഷൻകാർക്ക് 3200 രൂപ വീതം അടുത്ത മാസം ആദ്യത്തോടെ കിട്ടിത്തുടങ്ങും. 1800 കോടി രൂപയാണ് ഇതിനായി വകയിരുത്തേണ്ടത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കെഎസ്എഫ് ഡിസിയുടെ 'ചുരുൾ' നാളെ പ്രദർശനത്തിനെത്തും




തിരുവനന്തപുരം: കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (കെഎസ്എഫ് ഡിസി) നിർമ്മിച്ച 'ചുരുൾ' നാളെ (ഓഗസ്റ്റ് 30) കേരളമെമ്പാടുമുള്ള തിയേറ്ററുകളിൽ പ്രദർശനത്തിനെത്തും. സംസ്ഥാന സർക്കാരിൻറെ പട്ടികജാതി, പട്ടികവർഗ വിഭാഗ ശാക്തീകരണ കാഴ്ചപ്പാടിൻറെ ഭാഗമായി നിർമ്മിച്ച ചിത്രമാണിത്.

കെഎസ്എഫ് ഡിസി നിർമ്മിച്ച് റിലീസ് ചെയ്യുന്ന അഞ്ചാമത്തെ സിനിമയാണ് ചുരുൾ. നേരത്തെ വനിതകളുടെ സംവിധാനത്തിലുള്ള സിനിമാ പദ്ധതിപ്രകാരം നിർമ്മിച്ച നാല് ചിത്രങ്ങൾ തിയേറ്ററിൽ എത്തിയിരുന്നു.

ഒരു റിട്ടയേർഡ് പോലീസ് ഓഫീസറുടെ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണത്തിലൂടെ സമൂഹത്തിൽ നിലനിൽക്കുന്ന ജാതിവിവേചനവും ജാതിചിന്തയും ചർച്ചചെയ്യുകയാണ് ചുരുൾ. അരുൺ ജെ മോഹൻ ആണ് സംവിധാനം. പ്രവീൺ ചക്രപാണി ഛായാഗ്രഹണവും ഡേവിസ് മാനുൽ എഡിറ്റിംഗും നിർവഹിച്ചിരിക്കുന്നു.

പ്രമോദ് വെളിയനാട്, രാഹുൽ രാജഗോപാൽ, ഡാവിഞ്ചി, അഖില നാഥ്, ഗോപൻ മങ്ങാട്, രാജേഷ് ശർമ്മ, കലാഭവൻ ജിൻറോ എന്നിവരാണ് മുഖ്യവേഷങ്ങളിൽ എത്തുന്നത്.

സംഗീതം മധുപോൾ, മേക്കപ്പ് രതീഷ് വിജയൻ, കലാസംവിധാനം നിതീഷ് ചന്ദ്ര ആചാര്യ, വസ്ത്രാലങ്കാരം ഷിബു പരമേശ്വരൻ, സൗണ്ട് ഡിസൈൻ രാധാകൃഷ്ണൻ എസ്., സതീഷ്ബാബു, ഷൈൻ ബി ജോൺ, സൗണ്ട് മിക്സിങ് അനൂപ് തിലക്, വിഎഫ്എക്സ് മഡ്ഹൗസ്, കളറിസ്റ്റ് ബി യുഗേന്ദ്രൻ, പബ്ലിസിറ്റി ഡിസൈൻ കിഷോർ ബാബു.

# 'അമ്മ' നവീകരിക്കപ്പെടുന്നതിന്റെ തുടക്കമാകട്ടെ രാജി; എല്ലാ പേരുകളും പുറത്തുവരണം: ഫെഫ്ക

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ഉൾപ്പെട്ട എല്ലാവരുടെയും പേരുകൾ പുറത്തുവരണമെന്നും മലയാള സിനിമയുടെ മാർഗരേഖയായി റിപ്പോർട്ട് മാറണമെന്നും ഫെഫ്ക. അമ്മയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ഒന്നാകെ രാജി വച്ചതിനോട്, ആ സംഘടന വിപ്ലവകരമായി നവീകരിക്കപ്പെടുന്നതിന്റെ തുടക്കമാകട്ടെ എന്ന് പ്രത്യാശിക്കുന്നു എന്നാണ് ഫെഫ്ക പ്രതികരിച്ചിരിക്കുന്നത്.

സംവിധായകരടക്കമുള്ള മലയാള സിനിമയിലെ സാങ്കേതിക വിദഗ്ധരുടെ കൂട്ടായ്മയാണ് ഫെഫ്ക. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്ന് പത്തു ദിവസം കഴിയുമ്പോഴാണ് പ്രതികരണവുമായി ഫെഫ്ക എത്തിയത്.

ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള തുടർ ചർച്ചകൾക്ക് ഫെഫ്ക സ്റ്റിയറിംഗ് കമ്മിറ്റി രൂപം കൊടുത്ത മാർഗരേഖ 21 അംഗ സംഘടനകളുടെ എക്സിക്യൂട്ടീവ് കമ്മിറ്റികൾ സെപ്റ്റംബർ രണ്ടു മുതൽ നാലു വരെ ചർച്ച ചെയ്യുമെന്ന് ഫെഫ്ക ജനറൽ സെക്രട്ടറി ബി. ഉണ്ണികൃഷ്ണൻ പുറത്തിറക്കിയ കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ യോഗങ്ങൾക്കു മുമ്പായി ഫെഫ്കയിലെ സ്ത്രീ അംഗങ്ങളുടെ അഭിപ്രായ രൂപീകരണം നടക്കുന്നുണ്ട്.

സ്ത്രീകളുടെ കോർ കമ്മിറ്റി തയാറാക്കുന്ന രേഖ, അംഗസംഘടനകളുടെ എക്സിക്യൂട്ടീവ് കമ്മിറ്റികൾ വിശദമായി ചർച്ച ചെയ്യും. തുടർന്നു തയാറാക്കുന്ന വിശകലന റിപ്പോർട്ട് സർക്കാരിനും പൊതുസമൂഹത്തിനും ലഭ്യമാക്കുമെന്നും ഫെഫ്ക വ്യക്തമാക്കി. സ്ത്രീസുരക്ഷ സംബന്ധിച്ച് ഹേമ കമ്മിറ്റി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്ന ഗുരുതര പ്രശ്നങ്ങളെ അന്തിമമായി പരിഹരിക്കാൻ ആവശ്യമായ കർമപരിപാടി പുറത്തിറക്കുമെന്നും ഫെഫ്ക പറയുന്നു. അതിജീവിതമാർക്കു പരാതി നൽകുന്നതിനും നിയമനടപടികൾക്കു സന്നദ്ധമാക്കാനും സാധ്യമായ എല്ലാ നിയമസഹായങ്ങളും ഉറപ്പാക്കുമെന്നും അന്വേഷണ സംഘത്തെ സമീപിക്കുന്നതിനും തുറന്നു പറയുന്നതിനും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കാനും തീരുമാനമുണ്ട്.

കുറ്റാരോപിതർ അറസ്റ്റിലാവുകയോ അന്വേഷണത്തിലോ കോടതി നടപടികളിലോ വ്യക്തമായ കണ്ടെത്തലുകൾ ഉണ്ടാവുകയോ ചെയ്താൽ സംഘടനാപരമായ അച്ചടക്ക നടപടി സ്വീകരിക്കും തുടങ്ങിയ കാര്യങ്ങളും ഫെഫ്ക വിശദീകരിക്കുന്നു.

ഹേമ കമ്മിറ്റി റിപ്പോർട്ട് മലയാള സിനിമ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട മാർഗരേഖയാണെന്നും റിപ്പോർട്ടിനെ കുറിച്ചുള്ള അപക്വവും വൈകാരികവുമായ പ്രതികരണങ്ങൾ മലയാള സിനിമയിലെ ഏക ട്രേ!ഡ് യൂണിയൻ ഫെഡറേഷനിൽനിന്ന് ഉണ്ടാകരുത് എന്നതാണ് റിപ്പോർട്ടിനെ സമഗ്രമായി വിലയിരുത്തിയശേഷം ഫെഫ്ക കുറിപ്പിലൂടെ പറയുന്നത്.

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ഫെഫ്കയുടെ നിശബ്ദതയെക്കുറിച്ചുള്ള വിമർശനങ്ങൾ പൂർണമായി ഉൾക്കൊള്ളുമ്പോഴും, ധീരമായ സത്യസന്ധതയുടെയും ആർജവത്തിന്റെയും വ്യാജപ്രതീതി സൃഷ്ടിക്കുന്ന അകം പൊള്ളയായ വാചാടോപമല്ല, കാലം ആവശ്യപ്പെടുന്ന തിരുത്തലുകളിലേക്കു നയിക്കുന്ന നയപരിപാടികളിൽ എത്തിച്ചേരുക എന്നതാണു പ്രധാനമെന്നു കരുതുന്നതായും ഫെഫ്ക പറയുന്നു.

# ഹേമ കമ്മിറ്റി റിപ്പോർട്ടും അമ്മയിലെ കൂട്ടരാജിയും ഓണച്ചിത്രങ്ങളെ ബാധിക്കില്ല

തൃശൂർ: ഹേമ കമ്മിറ്റി റിപ്പോർട്ടും അമ്മയിലെ കൂട്ടരാജിയും മലയാള സിനിമ രംഗത്തെ പ്രശ്നങ്ങളും ഓണച്ചിത്രങ്ങളെ ബാധിക്കില്ലെന്നു വിലയിരുത്തൽ. തിയറ്ററുകളിൽ ഓണം സിനിമകൾ നേരത്തെ തന്നെ ചാർട്ട് ചെയ്തതിനാൽ അടുത്തമാസം ആദ്യം മുതൽ തന്നെ സിനിമകൾ തിയറ്ററുകളിലെത്തും.

ഇത്തവണ ഓണം തൂത്തുവാരാൻ മലയാളക്കരയിൽ വിജയ് ചിത്രം 'ഗോട്ട്' ആദ്യമെത്തും. സെപ്റ്റംബർ അഞ്ചിനാണ് ഗോട്ട് റിലീസ് ചെയ്യുന്നത്. മലയാളത്തിലെ സൂപ്പർതാരങ്ങളുടെ ചിത്രങ്ങളൊന്നും ഇത്തവണ ഓണം റിലീസിനില്ലെന്നതിനാൽ വിജയ് ചിത്രം തിയറ്ററുകളിൽ ആഘോഷമാകുമെന്നാണ് തിയറ്ററുകാരും പ്രതീക്ഷിക്കുന്നത്.സെപ്റ്റംബർ 12ന് ടൊവീനോ തോമസിന്റെ 'അജയന്റെ രണ്ടാം മോഷണം' (എആർഎം) എന്ന ത്രിഡി ചിത്രം തിയറ്ററുകളിലെത്തും. ഏറെ നാളത്തെ കാത്തിരിപ്പിനു ശേഷമാണ് എആർഎം എത്തുന്നത്.

ഫാൻറസിയും ആക്ഷനുമൊക്കെ ചേർന്ന എആർഎം മികച്ച തിയറ്റർ അനുഭവമായിരിക്കുമെന്നതുകൊണ്ടും ത്രിഡിയായതിനാൽ തിയറ്ററിൽ തന്നെ കാണണമെന്നതിനാലും ഈ ചിത്രത്തിലും തിയറ്ററുകാർ ഏറെ പ്രതീക്ഷയർപ്പിക്കുന്നുണ്ട്.

ആൻറണി പെപ്പെയുടെ 'കൊണ്ടൽ' എന്ന ആക്ഷൻ ചിത്രമാണ് ഓണക്കാലത്ത് തിയറ്ററുകളെ അടിയുടെ ഇടിയുടെ പൂരം കൊണ്ട് ആഘോഷമാക്കാനെത്തുന്ന മറ്റൊരു ചിത്രം. ഒമർ ലുലു സംവിധാനം ചെയ്ത റഹ്മാൻ, ധ്യാൻ ശ്രീനിവാസൻ എന്നിവർ മുഖ്യകഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുള്ള ബാഡ് ബോയ്സും ഓണത്തിന് എത്തുമെന്നാണ് റിപ്പോർട്ടുകൾ.

മോഹൻലാലിന്റെ സംവിധാനത്തിലൊരുങ്ങുന്ന ആദ്യ ചിത്രമായ ബറോസ് എന്ന ത്രിഡി ചിത്രം ഓണത്തിനില്ലെന്ന് ഉറപ്പായി. അജയന്റെ രണ്ടാം മോഷണം എന്ന ത്രിഡി സിനിമ ഓണത്തിന് റിലീസ് ചെയ്യുന്ന സാഹചര്യത്തിൽ രണ്ടു ത്രിഡി ചിത്രങ്ങൾ ഒരുമിച്ചു വേണ്ട എന്നതിനാലാണ് ബറോസ് റിലീസ് നീട്ടിയതെന്നാണ് പറയുന്നത്.മമ്മൂട്ടിയുടെ ബസൂക്കയും ഓണത്തിനുണ്ടാവില്ലെന്നാണ് സൂചന. ഇതിന്റെ ട്രെയിലർ പുറത്തുവന്നെങ്കിലും റിലീസ് നീളുമെന്നറിയുന്നു. ഇപ്പോൾ തിയറ്ററുകളിലുള്ള വാഴയും നുണക്കുഴിയും ഓണം വരെയും ചിലപ്പോൾ ഓണക്കാലത്തും തിയറ്ററുകളിൽ തുടരുമെന്നാണ് ബോക്സോഫീസ് കണക്കുകൾ നൽകുന്ന സൂചന.

ഏതായാലും ഓണാവധിക്ക് അടിച്ചുപൊളിക്കാൻ ഒരുപാട് ചിത്രങ്ങളൊന്നും തിയറ്ററുകളിലെത്തില്ലെങ്കിലും വരുന്ന ചിത്രങ്ങൾ പ്രേക്ഷകരെയും തിയറ്ററുകാരെയും നിർമാതാക്കളെയും നിരാശരാക്കില്ലെന്ന പ്രതീക്ഷയിലാണ് ഒരുപാട് പ്രശ്നങ്ങൾക്കിടയിലും സിനിമാലോകം.

# സിനിമ നയരൂപീകരണ സമിതിയിൽ നിന്ന് ബി. ഉണ്ണികൃഷ്ണനെ ഒഴിവാക്കണം: മുഖ്യമന്ത്രിക്ക് വിനയന്റെ കത്ത്

കൊച്ചി: സംസ്ഥാന സർക്കാരിന്റെ സിനിമ നയരൂപീകരണ സമിതിയിൽ നിന്ന് ഫെഫ്ക ജനറൽ സെക്രട്ടറി ബി. ഉണ്ണികൃഷ്ണനെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് കത്തയച്ച് സംവിധായകൻ വിനയൻ.

അന്യായമായ പ്രതികാരബുദ്ധിയോടെ തൊഴിൽ നിഷേധം നടത്തി എന്ന കുറ്റത്തിന് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ശിക്ഷിക്കുകയും സുപ്രീം കോടതി അതു ശരിവയ്ക്കുകയും ഹേമാ കമ്മിറ്റി റിപ്പോർട്ടിൽ അതു വ്യക്തമായി പറയുകയും ചെയ്തിരിക്കുന്ന ബി. ഉണ്ണികൃഷ്ണനെ സിനിമ നയരൂപീകരണ സമിതിയിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർഥിക്കുന്നതായാണ് കത്തിൽ പറയുന്നത്.

റിപ്പോർട്ട് വന്നതിനു ശേഷം അത് പ്രസിദ്ധീകരിക്കുവാൻ വലിയ കാലതാമസം ഉണ്ടായെങ്കിലും, ഇന്ത്യയിൽ ആദ്യമായി ഇങ്ങനെ സിനിമയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ച സർക്കാരിന്റെ തീരുമാനത്തെ അഭിനന്ദിക്കുന്നതായും വിനയൻ കത്തിൽ പറയുന്നു.

വിനയന്റെ കത്തിന്റെ പൂർണരൂപം:

മലയാള സിനിമയിൽ സംവിധായകനായും, തിരക്കഥാകൃത്തായും, നിർമാതാവായും പ്രവർത്തിച്ചു വരുന്ന ഒരു വ്യക്തിയാണ് ഞാൻ. മലയാള സിനിമയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും, തൊഴിൽ നിഷേധമുൾപ്പെടെയുള്ള മറ്റു വിഷയങ്ങളെക്കുറിച്ചും പഠിക്കാനായി ജസ്റ്റീസ് ഹേമയുടെ നേതൃത്വത്തിൽ നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് കേരളത്തിൽ വലിയ ചർച്ചയായിരിക്കുന്ന ഈ അവസരത്തിൽ ആ റിപ്പോർട്ടുമായി ബന്ധപ്പെട്ട ചില ഗൗരവമായ വിഷയങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്.

റിപ്പോർട്ട് വന്നതിനു ശേഷം അത് പ്രസിദ്ധീകരിക്കുവാൻ വലിയ കാലതാമസം ഉണ്ടായെങ്കിലും, ഇന്ത്യയിൽ ആദ്യമായി ഇങ്ങനെ സിനിമയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ച അങ്ങയുടെ സർക്കാരിന്റെ തീരുമാനത്തെ ആദ്യമേ അഭിനന്ദിച്ചു കൊള്ളട്ടെ.

ഈ റിപ്പോർട്ടിന്റെ 137 മുതൽ 141 വരെയുള്ള പേജുകളിൽ സിനിമയിലെ തൊഴിൽ നിഷേധത്തിനും വിലക്കിനുമെതിരെ കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച വിധിയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. 2014ൽ മലയാള സിനിമയിലെ തൊഴിൽ നിഷേധത്തിനും രഹസ്യവിലക്കിനുമെതിരെ കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യയിൽ പരാതിയുമായി പോയ വ്യക്തി ഞാനാണ് (C-C-I C-a-se No. 98 o-f 2014).2017 മാർച്ചിൽ ഇളക പുറപ്പെടുവിച്ച വിധിയുടെ പകർപ്പ് ഇതിനോടൊപ്പം അറ്റാച്ച് ചെയ്യുന്നുണ്ട്. ഇളകയുടെ വെബ്സൈറ്റിലും ഈ വിധിയുടെ വിശദാംശങ്ങൾ കാണാൻ കഴിയും. ഈ വിധി അനുസരിച്ച് കോമ്പറ്റീഷൻ ആക്ടിന്റെ സെക്ഷൻ3 പ്രകാരം അമ്മ സംഘടനയ്ക്ക് 4,00,065 (നാല് ലക്ഷത്തി അറുപത്തഞ്ച്) രൂപയും ഫെഫ്ക സംഘടനയ്ക്ക് 85,594 (എൺപത്തി അയ്യായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി നാല്) രൂപയും പെനാൽറ്റി അടിച്ചിട്ടുള്ളതാണ്.

ഇളക ആക്ടിന്റെ സെക്ഷൻ 48 പ്രകാരം അന്നത്തെ 'അമ്മ' പ്രസിഡൻറ് ശ്രീ. ഇന്നസെൻറിന് 51,478 രൂപയും അമ്മ സെക്രട്ടറി ശ്രീ. ഇടവേള ബാബുവിന് 19,113 രൂപയും ഫെഫ്കയുടെ പ്രസിഡൻറ് ശ്രീ. സിബി മലയിലിന് 66,356 രൂപയും ഫെഫ്ക ജനറൽ സെക്രട്ടറി ശ്രീ. ബി. ഉണ്ണികൃഷ്ണന് 32,026 രൂപയും പെനാൽറ്റി അടിച്ചിട്ടുള്ളതാണ്.

ഇതിനെതിരേ ഈ സംഘടനകളും വ്യക്തികളും ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കുകയും ബഹുമാനപ്പെട്ട ജസ്റ്റീസ് റോഹിംഗ്ടൺ ഫാലി നരിമാന്റെ നേതൃത്വത്തിലുള്ള മൂന്നംഗ ബെഞ്ച് 2020 സെപ്റ്റംബർ 28ന് അപ്പീൽ തള്ളിക്കൊണ്ട് പെനാൽറ്റി നൽകിയ ശിക്ഷ ശരിവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. സുപ്രീം കോടതി വിധിയുടെ പകർപ്പും ഇതിനോടൊപ്പം വയ്ക്കുന്നു.

സുപ്രീം കോടതി അപ്പീൽ തള്ളിയതോടെ ഫൈൻ അടച്ച വ്യക്തികളെല്ലാം കുറ്റക്കാരായി മാറിയിരിക്കുന്നു. എന്നാൽ ഫെഫ്ക സെക്രട്ടറി ശ്രീ. ബി. ഉണ്ണികൃഷ്ണനെ ശ്രീ. ഷാജി എൻ. കരുൺ അധ്യക്ഷനായുള്ള സംസ്ഥാന സർക്കാരിന്റെ സിനിമാ നയരൂപീകരണ സമിതിയിൽ അംഗമായി നിയമിച്ചിരിക്കുന്നു എന്ന് 10082023ൽ ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പ് മന്ത്രി 15ആം നിയമസഭയിൽ ശ്രീ. ഐ. സി. ബാലകൃഷ്ണന് കൊടുത്ത മറുപടിയിലൂടെ ഞാൻ മനസിലാക്കുന്നു.(നിയമസഭയിൽ കൊടുത്ത മറുപടിയുടെ കോപ്പി ഞാൻ ഇതിനോടൊപ്പം വയ്ക്കുന്നുണ്ട്).

അന്യായമായ പ്രതികാര ബുദ്ധിയോടെ തൊഴിൽ നിഷേധം നടത്തി എന്ന കുറ്റത്തിന് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ശിക്ഷിക്കുകയും സുപ്രീം കോടതി അതു ശരിവയ്ക്കുകയും ഹേമാ കമ്മിറ്റി റിപ്പോർട്ടിൽ അതു വ്യക്തമായി പറയുകയും ചെയ്തിരിക്കുന്ന ഫെഫ്ക സെക്രട്ടറി ശ്രീ. ബി. ഉണ്ണികൃഷ്ണനെ കേരള സർക്കാരിന്റെ സിനിമ നയരൂപീകരണ സമിതിയിൽ നിന്നും ഒഴിവാക്കണമെന്ന് വിനീതമായി അഭ്യർഥിച്ചു കൊള്ളുന്നു..

# പി.കെ.ശശിക്കെതിരായ അച്ചടക്ക നടപടിക്ക് സിപിഎമ്മിൽ അംഗീകാരം

പാലക്കാട്: പി.കെ.ശശിക്കെതിരായ അച്ചടക്ക നടപടി സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗീകരിച്ചു. പാലക്കാട് ജില്ലാ കമ്മറ്റിയുടെ തീരുമാനമാണ് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗീകരിച്ചത്.ഇതോടെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ പദവികളും പികെ ശശിക്ക് നഷ്ടമാകും. പാർട്ടിയുടെ ജില്ലാ കമ്മിറ്റി അംഗമായിരുന്ന ശശിക്ക് ഇനി പാർട്ടിയുടെ പ്രാഥമിക അംഗത്വം മാത്രമാണ് ഉണ്ടാവുക. മുൻ എംഎൽഎയും കെടിഡിസി ചെയർമാനുമാണ് പി കെ ശശി.പി കെ ശശിക്കെതിരെ നടത്തിയ അന്വേഷണത്തിൽ ഗുരുതര അച്ചടക്ക ലംഘനമാണ് പാർട്ടി കണ്ടെത്തിയിരിക്കുന്നത്. ഒരു കമ്മ്യൂണിസ്റ്റ് നേതാവിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവാൻ പാടില്ലാത്ത സാമ്പത്തിക തിരിമറിയും സ്വജനപക്ഷ നിലപാടും പി.കെ.ശശി സ്വീകരിച്ചുവെന്നാണ് സിപിഐഎം പാലക്കാട് ജില്ലാ കമ്മറ്റിയിൽ ഉയർന്ന പ്രധാന വിമർശനം.'പി.കെ.ശശിയുടെ പ്രവർത്തനം പാർട്ടിയോട് ചർച്ച ചെയ്യാതെയാണ്. മണ്ണാർക്കാട് യൂണിവേഴ്സൽ സഹകരണ കോളേജിനായി പണം പിരിച്ചത് പാർട്ടിയെ അറിയിച്ചില്ലെന്നും പാർട്ടി വിമർശിച്ചിരുന്നു. ഏരിയ കമ്മറ്റി ഓഫീസ് നിർമ്മാണ ഫണ്ട് സ്വന്തം അക്കൗണ്ടിലേക്ക് മാറ്റിയത് ഗുരുതരമായ വീഴ്ചയാണ്.'പാർട്ടി നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ വ്യക്തിഗത താൽപര്യങ്ങൾക്ക് ഉപയോഗിച്ചു. സഹകരണ ബാങ്കുകളിൽ ഇഷ്ടക്കാരെ തിരുകി കയറ്റിയെന്നും സിപിഎം പാലക്കാട് ജില്ലാ കമ്മറ്റിയിൽ വിമർശനം ഉയർന്നിരുന്നു.

## സീറോമലബാർ സഭ: സ്ഥിരം സിനഡ് അംഗങ്ങളെ തെരഞ്ഞെടുത്തു

കൊച്ചി: സീറോമലബാർ സഭയുടെ പുതിയ സ്ഥിരം സിനഡ് അംഗങ്ങളെ തെരഞ്ഞെടുത്തു. പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, തൃശൂർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, തലശേരി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി, കോട്ടയം ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് എന്നിവരാണു സ്ഥിരം സിനഡ് അംഗങ്ങൾ.

സഭാ ആസ്ഥാനത്ത് നടന്നുവരുന്ന 32ാമത് മെത്രാൻ സിനഡിന്റെ മൂന്നാം സമ്മേളനത്തിലായിരുന്നു തെരഞ്ഞെടുപ്പ്. സ്ഥിരം സിനഡ് അംഗങ്ങളുടെ അഭാവത്തിൽ പകരക്കാരായി ചങ്ങനാശേരി സഹായമെത്രാൻ മാർ തോമസ് തറയിൽ, കോതമംഗലം ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, ഇരിങ്ങാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ, താമരശേരി ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

സാധാരണ ഭരണകാര്യങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും മേജർ ആർച്ച്ബിഷപ്പിനെ സഹായിക്കുന്ന സമിതിയാണു സ്ഥിരം സിനഡ്. മേജർ ആർച്ച്ബിഷപ് അധ്യക്ഷനായ സ്ഥിരം സിനഡിൽ അദ്ദേഹം ഉൾപ്പെടെ അഞ്ചു മെത്രാന്മാരാണ് ഉണ്ടാകുക. അഞ്ചു വർഷമാണ് സമിതിയുടെ കാലാവധി.

## ഫെമ കേസ്: ഡിഎംകെ എംപിക്കും കുടുംബത്തിനും 908 കോടി രൂപ പിഴ ചുമത്തി ഇഡി

ചെന്നൈ: ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെൻറ് ആക്ട് (ഫെമ) കേസിൽ ഡിഎംകെ. എംപി എസ്. ജഗത് രക്ഷകനും കുടുംബത്തിനും 908 കോടി രൂപ പിഴ ചുമത്തി എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി). ഫെമ സെക്ഷൻ 37 എ പ്രകാരം പിടിച്ചെടുത്ത 89.19 കോടി രൂപയുടെ സ്വത്തുവകകൾ കണ്ടുകെട്ടാനും ഉത്തരവിട്ടിട്ടുണ്ട്.

ജഗത് രക്ഷകനും കുടുംബത്തിനുമെതിരായ കേസുകളിൽ ചെന്നൈയിലെ ഇഡി സംഘം നടത്തിയ അന്വേഷണത്തിലാണ് നടപടി. ഇഡിയും ആദായനികുതി വകുപ്പും എംപിയുടെ വസതികളിലും സ്ഥാപനങ്ങളിലും റെയ്ഡ് നടത്തിയിരുന്നു. 2021 ഡിസംബർ ഒന്നിനാണ് ജഗത് രക്ഷകനും കുടുംബത്തിനും ഇവരുമായി ബന്ധപ്പെട്ട ഒരു കമ്പനിക്കുമെതിരെ ഇഡി കേസെടുത്തത്.

2017ൽ സിംഗപ്പൂരിലെ ഒരു ഷെൽ കമ്പനിയിൽ 42 കോടി രൂപയുടെ നിക്ഷേപം, കുടുംബാംഗങ്ങൾ ഓഹരികൾ സമ്പാദിച്ചതും കൈമാറ്റം ചെയ്തതും, ഒരു ശ്രീലങ്കൻ സ്ഥാപനത്തിൽ 9 കോടി രൂപയുടെ നിക്ഷേപം എന്നിവയുമായി ബന്ധപ്പെട്ടാണ് പരാതി ഉയർന്നത്. അന്വേഷണത്തിൽ ഫെമ നിയമത്തിലെ വിവിധ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തി. ഇതിനെ തുടർന്നാണ് പിടിച്ചെടുത്ത സ്വത്തുക്കൾ കണ്ടുകെട്ടാനും പിഴ ചുമത്താനും ഉത്തരവിട്ടതെന്ന് ഇഡി അറിയിച്ചു.

# കൂട്ടരാജിയിൽ വിയോജിപ്പ്; ഭിന്നാഭിപ്രായമുയർത്തി സരയുവും അനന്യയും

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിനു പിന്നാലെയുണ്ടായ വിവാദങ്ങൾക്കൊടുവിൽ താരസംഘടനയായ അമ്മയുടെ ഭരണസമിതി പിരിച്ചുവിട്ടതിൽ ഭിന്നാഭിപ്രായം. കൂട്ടരാജിയെന്ന തീരുമാനം ഏകകണ്ഠമായിട്ടല്ല എടുത്തതെന്ന് നടി സരയു പ്രതികരിച്ചു. താൻ ഇതുവരെ രാജിവെച്ചിട്ടില്ല. അതിനാൽ ഐകകണ്ഠേനയാണ് രാജിയെന്ന് പറയാൻ കഴിയില്ലെന്ന് സരയു കൂട്ടിച്ചേർത്തു. ആരോപണ വിധേയർ വ്യക്തിപരമായി രാജിവെച്ച് ഒഴിയുകയെന്നതാണ് ശരിയെന്നും ധാർമികത മുൻനിർത്തിയാണ് രാജിവെച്ചതെന്നും നടി അനന്യയും പ്രതികരിച്ചു.

വ്യക്തിപരമായി രാജിയോട് താത്പര്യം ഉണ്ടായിരുന്നില്ലെന്നും അവർ വ്യക്തമാക്കി. വിനു മോഹൻ, ടൊവിനോ, ജഗദീഷ് എന്നിവർക്കും കൂട്ടരാജിയിൽ വിയോജിപ്പ് ഉള്ളതായാണ് വിവരം. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിനെ തുടർന്ന് സംഘടനയിലെ ഭരണ സമിതിയിലെ ചില ഭാരവാഹികൾ നേരിടേണ്ടി വന്ന ലൈംഗികാരോപണങ്ങളുടെ പശ്ചാത്തലത്തിൽ ധാർമികമായ ഉത്തരവാദിത്വം മുൻനിർത്തിയാണ് അമ്മ ഭരണസമിതി കഴിഞ്ഞദിവസം പിരിച്ചുവിട്ടത്.

വിമർശനങ്ങളുടെ എല്ലാ ഉത്തരവാദിത്തവും ഏറ്റെടുത്തുകൊണ്ടായിരുന്നു പ്രസിഡൻറ് മോഹൻലാൽ രാജിവെച്ചത്. ഒപ്പം ഭരണസമിതിയിലെ അംഗങ്ങളും രാജിവെച്ചിരുന്നു.

രണ്ടു മാസത്തിനുള്ളിൽ പൊതുയോഗം ചേർന്ന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കും. അതുവരെ ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സഹായം ലഭ്യമാക്കാനും നിലവിലുള്ള ഭരണ സമിതി താത്കാലിക സംവിധാനമായി തുടരുമെന്ന് രാജിക്കത്തിൽ പറയുന്നു.